T62
F28

# ജലത്തിനു തീപിടിക്കുന്നു

T62
F28

T62
F28

ഫൌസ്റ്റിൽ താസ്പുചിൽ

ഏകാങ്കങ്ങൾ

# ജലത്തിനു തീപിടിക്കുന്നു

(Malayalam Playlets)

# JALATHINU THEEPIDIKKUNNU

**By FAUSTIN CAPUCHIN**
Assisi Nagar, Quilon-1

First Edition – 2nd December 1964
Copies 1000

Printed at Assisi Press, Quilon

Copy Right reserved to the Author

*Published by*

PRESHITHAKALAKENTHRAM
Assisi Nagar, Quilon-1

**Price: Re. 1-00**

# ജലത്തിനു തീപിടിക്കുന്നു

ഫൗസ്റ്റിൻ കപ്പൂച്ചിൻ

DHARMARAM COLLEGE LIBRARY, BANGALORE.
19796

പ്രസാധകർ:
പ്രേഷിതകലാകേന്ദ്രം
അസ്സീസി നഗർ, കൊല്ലം

വില 1 ക.

വിതരണം

അസ്സീസി പ്രസ്സ് – കൊല്ലം.

## ഗ്രന്ഥകർത്താവിൻെറ നാടകങ്ങൾ

1. അസ്സീസിയിലെ സ്നേഹഗായകൻ
2. ഒരു ഹൃദയവും രണ്ടു കണ്ണുകളും
3. സാംസൻെറ പതനം
4. അടിയറവുപറയാത്ത രക്തം
5. രക്തപുഷ്പം

## ഇതര കൃതികൾ

1. ഇതോ കാരാഗൃഹം
2. ചെന്നായ്ക്കളുടെ നാട്ടിലെ ഇടയപ്പെണ്ണ്
3. കുട്ടികളുടെ ഫ്റാൻസിസ്.

---

**Imprimi Potest:**

Shanti Ashram, Coimbatore, 12-11-'64

*Very Rev. Fr. Berchmans, O. F. M. Cap*
Minister Provincial.

**Imprimatur:**

Bishop's House, Quilon, 18-11-'64

*Msgr. Bernard D'Cruz*
Vicar General.



1964-ൽ ബോംബെയിൽവച്ചുനടന്ന

മുപ്പത്തിയെട്ടാമത്തെ അഖിലലോക ദിവ്യ

കാരുണ്യകോൺഗ്രസ്സിന്റെയും പരിശുദ്ധ

പിതാവ് പോൾ ആറാമൻ തിരു

മനസ്സിലെ ഉദാരമായ ഭാരത

സന്ദർശനത്തിന്റെയും

മഹനീയ സ്മ

രണയ്ക്കു

മുമ്പിൽ

കാഴ്ചവയ്ക്കുന്ന

ഒരു എ

ളിയ ക

ലോപഹാരം!

ഫാ. ഫൗസ്റ്റിൻ കപ്പൂച്ചിൻ

## ഉള്ളടക്കം

1. അബ്രഹാമിൻെറ ആത്മബലി

2. തർസീസിയൂസ്

3. "ജലത്തിനു തീപിടിക്കുന്നു"

ഏകാങ്കം – 1

# അബ്രഹാമിന്റെ ആത്മബലി

# കഥാപാത്രങ്ങൾ

അബ്രഹാം — നൂറിലേറെ വയസ്സുണ്ടെങ്കിലും ആദൎശനിഷ്ഠമായ ജീവിതത്താൽ ബലിഷ്ഠകായനായിത്തന്നെയിരിക്കുന്ന ഒരു വൃദ്ധൻ.

ഇസഹാക്കു് — അബ്രഹാമിന്റെ ഏകമകൻ. വയസ്സു് 6.

# അബ്രഹാമിൻെറ ആത്മബലി

## രംഗം ഒന്നു്

*[അബ്രഹാമിൻെറ വസതി. സമയം പാതിരാത്രി. അബ്രഹാം കിടക്കയിൽ ഉറങ്ങിക്കിടക്കുന്നു. ഒരു കാററിൻെറ ഇരമ്പൽ വിദൂരത്തുനിന്നു കേൾക്കുന്നു. ഇരമ്പൽ ശക്തിപ്രാപിച്ചു പരമകാഷ്ഠയിലെത്തി നിലയ്ക്കുന്നതോടൊപ്പം ഒരു അശരീരി കേൾക്കുന്നു.]*

അശരീരി: അബ്രഹാം! അബ്രഹാം!

അബ്രഹാം: (കണ്ണു തുറന്നു്) ആരതു്?

അശരീ: നിൻെറ പിതാക്കന്മാരുടെ ദൈവമായ, നിത്യനായ യഹോവാ ആജ്ഞാപിക്കുന്നു.

അബ്ര: (പെട്ടെന്നു് എഴുന്നേററു് മുട്ടിന്മേൽവീണു് ശിരസ്സു നമിക്കുന്നു) കർത്താവേ അടിയൻ കേൾക്കുന്നു.

അശരീ: അബ്രഹാം! നീ നിൻെറ സ്നേഹപാത്രമായ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു് ദർശനങ്ങളുടെ നാട്ടിലേക്കു പോകണം. അവിടെ ഞാൻ നിർദ്ദേശി

ക്കുന്ന മലമുകളിൽ നീ അവനെ എനിക്കു ബലിയർപ്പിക്കണം.

അബ്ര: ഓ! സൈന്യങ്ങളുടെ കർത്താവേ, അവിടത്തെ കല്പനപോലെയാകട്ടെ. (കമഴ്ന്നുവീണുകിടക്കുന്നു. കാററിൻെറ ഇരമ്പൽ വീണ്ടും ആരംഭിച്ച് അടങ്ങുന്നു. അബ്രഹാം ചിന്താകുലനായി എഴുന്നേല്ക്കുന്നു) എന്ത്! യഥാർത്ഥത്തിൽ യഹോവാ എന്നോടു സംസാരിച്ചോ? അതോ ഞാനൊരു സ്വപ്നം കാണുകയായിരുന്നോ? അതു സംഭവ്യമോ? ഇസഹാക്കിനെ ബലികഴിക്കുവാൻ യഹോവാ ആജ്ഞാപിച്ചുവെന്നോ?...... എന്തൊരു പൊരുത്തക്കേട്... അസംഭവ്യം. നൂറു വയസ്സുകഴിഞ്ഞ ഈ വൃദ്ധനു് തൊണ്ണൂറു തികഞ്ഞ സാറായിൽ, യഹോവായുടെ കാരുണ്യാതിരേകത്തിൻെറ ഫലമായുണ്ടായ ഏകമകനെ, യഹോവാ തന്നെ ബലികഴിക്കാൻ ആജ്ഞാപിക്കുകയോ! അതു സാദ്ധ്യമല്ല ഹ! ഹ! ഹ! (ചിരിക്കുന്നു) അതാ യഹോവായുടെ ഈ എളിയ ദാസൻെറ ആട്ടിൻപററങ്ങൾ ആലകളിൽ കിടന്നുറങ്ങുന്നു. ശതക്കണക്കിനു കൊഴുത്ത ചെമ്മരിയാട്ടിൻകുട്ടികൾ ആ കൂട്ടത്തിലുണ്ടു്. അവയിൽനിന്നു് എത്ര എണ്ണത്തെ വേണമെങ്കിലും യഹോവായ്ക്കു ചോദിക്കാമല്ലോ. പോരെങ്കിൽ ഈയുള്ളവനു് എത്രയോ ദാസന്മാരും ദാസിമാരുമുണ്ടു്. അവരിൽ ഒരാളെയോ, ഒരു നൂറുപേരെയോ തന്നെ ബലിയർപ്പിക്കുവാൻ സൈന്യങ്ങളുടെ കർത്താവിനു കല്പിക്കരുതോ?

നിരവധി വംശങ്ങളുടെ പിതാവായി തീരുമെന്നു യഹോവാതന്നെ ആശംസിച്ചു് വാഗ്ദാനംചെയ്ത മകനാണു് ഇസഹാക്കു്. ആ മകനെ – എൻെറ പ്രതീക്ഷകളുടെ നിറകുംഭത്തെ, പടന്നുപന്തലിക്കുവാനു

ള്ള യഹോവായുടെ വാഗ്ദാനങ്ങളുടെ കുരുന്നിനെ, മുള യിൽവച്ചുതന്നെ നശിപ്പിക്കുവാൻ അവിടന്ന് ആ ജ്ഞാപിച്ചില്ലേന്നോ? അചിന്ത്യം! അതു വെറുമൊരു സ്വപ്നം. (അണിയറയിലേക്ക് ഇരുകരങ്ങളും നീട്ടി) മകനെ, മാണിക്കക്കല്ലേ, പടുകിഴവനായ നിന്റെ അപ്പ ന്റെ ആശാകേന്ദ്രമേ, നീ സുഖമായി ഉറങ്ങിക്കൊ ൾക. നീ നിരവധി വംശങ്ങളുടെ പിതാവായിത്തീ രുമെന്നു സൈന്യങ്ങളുടെ കർത്താവായ യഹോവാ അരുളിച്ചെയ്തിട്ടുണ്ട്. കടലോരത്തെ മണൽത്തരി കളെപ്പോലെയും ആകാശത്തിലെ നക്ഷത്രങ്ങളെ പ്പോലെയും നിന്റെ വംശാവലി വർദ്ധിക്കുമെന്ന് അവിടന്ന് ആശംസിച്ചിട്ടുണ്ട്. ഓമനേ, നീ സമാ ധാനത്തിൽ വിശ്രമിച്ചാലും. അത്യുന്നതനായ യ ഹോവായുടെ കരുണാമസൃണങ്ങളായ കരങ്ങൾ നിന്നെ സദാകാത്തുകൊള്ളും. അങ്ങയുടെ അനുഗ്രഹ ത്തിന്റെ തേജസ്സ് നിന്റെ ശിരസ്സിനെ സദാ വ ലയംചെയ്യുന്നു. നീ ഉറങ്ങിക്കൊൾക.

(അബ്രഹാം വീണ്ടും ശയ്യയിൽ കിടക്കുന്നു. വീണ്ടും കാററി ന്റെ ഇരമ്പൽകേട്ട് അസ്വസ്ഥനായി ഉണരുന്നു)

അശരീ: അബ്രഹാം, അബ്രഹാം!

അബ്ര: (എഴുന്നേററ് മുട്ടിന്മേൽവീണു) കർത്താവേ, അടിയൻ.

അശരീ: നിന്റെ കർത്താവായ യഹോവായാണ് ആജ്ഞാ പിക്കുന്നത്. നീ നിന്റെ പുത്രനായ ഇസഹാ ക്കിനെ കൂട്ടിക്കൊണ്ട് ദർശനങ്ങളുടെ നാട്ടിലേക്കു പോവുക. അവിടെ ഞാൻ നിർദ്ദേശിക്കുന്ന മല മുകളിൽ നീ അവനെ എനിക്കു ബലിയർപ്പിക്കണം.

അബ്ര: കർത്താവേ, അങ്ങുന്നു കല്പിക്കുന്നപോലെ അടി യൻ ചെയ്യാം.

(അബ്രഹാം ശിരസ്സുനമിച്ചു നില്ക്കുന്നു. കാററിൻെറ ഇരമ്പൽ വീണ്ടും ആരംഭിച്ച് അവസാനിക്കുമ്പോൾ എഴുന്നേല്ക്കുന്നു. ഇസഹാക്ക് (6 വയസ്സ്) ഭയവിഹ്വലനായി ഓടിവരുന്നു) ഓടിവന്നവരവിൽ കൈകൾ വിരിച്ച് അബ്രഹാമിനെ കെട്ടിപ്പിടിക്കാൻ അടുത്തുകൊണ്ട്)

ഇസ: അപ്പാ!

അബ്രാ: മകനേ!

(ഇസഹാക്കിനെ കെട്ടിപ്പിടിച്ച് നെറുകയിൽ ചുംബിക്കുന്നു)

ഇസ: അപ്പാ!

അബ്ര: എന്താണു മോനേ?

ഇസ: എന്തൊരു ശബ്ദം! എനിക്കു പേടിയാകുന്നു.

അബ്ര: എൻെറ മോനൊന്നും പേടിക്കേണ്ട. മോൻറപ്പനല്ലെ അടുത്തുള്ളത്. (ഒരു കൈകൊണ്ട് കണ്ണുനീർ തുടയ്ക്കുന്നു) യഹോവാ എൻെറ മോനെ കാത്തുകൊള്ളും

ഇസ: ഞാനിനി അപ്പൻെറകൂടെ കിടന്നോളാം.

അബ്ര: വരട്ടെ. മോൻ ചെന്ന് ആ എലയാസറിനെയും രൂബനെയും വിളിച്ചുണർത്തിക്കൊണ്ടുവരൂ.

ഇസ: എന്തിനാണപ്പാ?

അബ്ര: തിടുക്കത്തിൽ ഒരു സ്ഥലത്തു പോകാനുണ്ട്. തൊഴുത്തിൽനിന്ന് ഒരു നല്ല കഴുതയേയും അഴിച്ചു കൊണ്ടുവന്ന്, കുറെ നല്ല വിറകെടുത്ത് അതിൻെറ പുറത്തുവച്ചുകെട്ടി, കൂട്ടത്തിൽ കൊണ്ടുപോകാൻ വേഗം തയാറാക്കാനും പറയണം.

ഇസ: പറയാം. അപ്പാ എന്നെയും കൊണ്ടുപോകുമോ.

അബ്ര: തീർച്ചയായും; എൻെറ മോനെയുംകൊണ്ടുപോകാം. (വികാരാധീനനായി വീണ്ടും ഇസഹാക്കിൻെറ നെറു

കയിൽ ചുംബിക്കുന്നു. അനന്തരം പിടിവിടത്തുന്നു.) വേഗം ചെന്നു് അവരെ വിളിച്ചുണത്തു്.

ഇസ: ഞാനോടിപ്പോയി വിളിക്കാം.

(ഇസഹാക്കു് ഓടിപ്പോകുന്നു. അബ്രഹാം ചിന്താധീനനായി മകനെ നോക്കിക്കൊണ്ടുനില്ക്കുന്നു)

— കർട്ടൻ —

## രംഗം രണ്ടു്

*[ഒരു മലയുടെ ഉപരിതലം. ഒരു ശിലയുടെമീതെ ബലിപീഠത്തിൻെറ മാതൃകയിൽ വിറകു് അടുക്കിവച്ചിരിക്കുന്നു. കർട്ടനുയരുമ്പോൾ അബ്രഹാം വിറകുകഷണങ്ങൾ കയറുകൊണ്ടു കെട്ടി ശരിപ്പെടുത്തുകയാണു്. സമീപത്തു് ഇസഹാക്കു നില്ക്കുന്നു. അവൻ കൈയിൽ ഒരു കത്തിച്ച പന്തം പിടിച്ചിരിക്കുന്നു. ബലിപീഠത്തിൻെറ ഒരു വശത്തു് ഒരു വാളുവച്ചിട്ടുണ്ടു്.]*

ഇസ: അപ്പാ!

അബ്ര: (വിറകുകൾ തമ്മിൽ ബന്ധിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ തലയുയത്താതെ) എൻെറ മോനെന്തു വേണം?

ഇസ: അപ്പൻ ബലിയർപ്പിക്കുവാൻ ഒരുങ്ങുകയാണല്ലോ. ബലിപീഠം തയാറായി, തീയുമുണ്ടു്. ബലിമൃഗത്തെക്കൊണ്ടുപോരാൻ നാം മറന്നു പോയല്ലോ.

അബ്ര: ദൈവംതന്നെ തനിക്കായി ഒരുബലിവസ്തു കാണിച്ചുതരും.

(ബലിപീഠം സജ്ജമായി എന്നുറപ്പുവരുത്തിയിട്ട്, തിരിഞ്ഞു് ഇസഹാക്കിന്റെ കൈയിൽനിന്നും പന്തം വാങ്ങിക്കുന്നു.)

അബ്ര: (ഇസഹാക്കിന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു്) മകനേ!

ഇസ: അപ്പാ!

അബ്ര: യഹോവായുടെ തിരുവിഷ്ടം നിറവേററുവാൻ എന്റെ മോൻ എപ്പോഴും തയാറാണോ?

ഇസ: അതേ, അപ്പാ.

അബ്ര: എന്നാൽ, നീ നിന്റെ ഉടുപ്പൂരിമാററുക.

ഇസ: ഇവിടെ വലിയ തണുപ്പാണല്ലോ.

അബ്ര: അതു സാരമില്ല. ദൈവം കുഞ്ഞിന്റെ കുളിരു മാററിത്തരും. ഉടുപ്പ് ഊരിയെടുക്കൂ.

(ഇസഹാക്ക് ഉടുപ്പ് ഊരിമാററി അർദ്ധനഗ്നനായി നില്ക്കുന്നു. തണുപ്പുകൊണ്ടു് നെഞ്ചത്തു കൈകൾ ചേർത്തുവയ്ക്കുന്നു.)

അബ്ര: മകനേ!

ഇസ: (ഉൽക്കണ്ഠയോടേ) അപ്പാ!

അബ്ര: എന്നോടുകൂടി പറയുക: "യഹോവായുടെ നാമം വാഴ്ത്തപ്പെടട്ടെ."

ഇസ: യഹോവായുടെ നാമം വാഴ്ത്തപ്പെടട്ടെ.

അബ്ര: മകനേ, ഉടയവനായ ദൈവം തിരുമനസ്സായിരിക്കുന്നു, ഞാൻ നിന്നെ അങ്ങയ്ക്കു ബലികഴിക്കണമെന്നു്.

ഇസ: (സങ്കടത്തോടേ) അപ്പാ! (നിസ്സഹായനായി അല്പനേരം നിന്നിട്ട് മുകളിലേയ്ക്കു നോക്കി) യഹോവായുടെ നാമം വാഴ്ത്തപ്പെടട്ടെ! (തലകുനിക്കുന്നു)

(അബ്രഹാം പന്തം മാററിവച്ചിട്ട്, ഇസഹാക്കിനെ എടുത്തു ബലിപീഠത്തിൻെറ മുകളിൽ ഇരുത്തി കൈകൾ പിറകിൽ ബന്ധിക്കുന്നു. അനന്തരം മാറിനിന്നു മകനെ നോക്കുന്നു.)

ഇസ: അപ്പാ!

അബ്ര: എന്താ മകനേ!

ഇസ: ഞാൻ അമ്മയോടു യാത്രപറഞ്ഞില്ലല്ലോ.

അബ്ര: മകനേ, ദൈവം വിളിച്ചാൽ പിന്നെ പിറകോട്ടു നോക്കാതെ ഉടനെ അനുസരിക്കേണ്ടതു നമ്മുടെ കടമയാണ്.

ഇസ: എന്നാൽ എൻെറ യാത്രാവന്ദനം അമ്മയെ അറിയിച്ചേക്കണം.

അബ്ര: അറിയിക്കാം മകനെ.

ഇസ: അപ്പാ, ഇപ്പോൾ ഞാൻ ഊരിയിട്ട കുപ്പായം ഏലിയാസർ ചേട്ടൻെറ മകൻ ബഞ്ചമിനും, എന്റെ പച്ചക്കുപ്പായം റൂബൻ ചേട്ടൻെറ മകൻ മെൽക്കിയാസിനും കൊടുത്തേക്കുമോ?

അബ്ര: മോൻെറ ഇഷ്ടംപോലെ ചെയ്യാം.

ഇസ: അപ്പനിങ്ങ് അടുത്തു നില്ക്കൂ. ഞാൻ അവസാനമായി അപ്പന് ഒരുമ്മതരട്ടെ.

(അബ്രഹാം തൻെറ മുഖം ഇസഹാക്കിൻെറ മുഖത്തോട്ട് അടുപ്പിച്ചുപിടിക്കുന്നു. ഇസഹാക്ക് അബ്രഹാമിൻെറ കന്നത്ത് ആദ്യമൊന്നു ചുംബിച്ചിട്ട് "അമ്മയ്ക്കായി" എന്നു പറഞ്ഞു മറേറ കന്നത്തും ചുംബിക്കുന്നു. അബ്രഹാം പിന്നോട്ടുമാറുന്നു.)

അബ്ര: ദൈവഭയമുള്ള മകനെ, ദൈവതിരുമനസ്സിനു വഴങ്ങി ശിരസ്സുകുനിച്ചാലും.

(ഇസഹാക്ക ശിരസ്സുകുനിക്കുന്നു. അബ്രഹാം വാളെടുക്കുന്നു.)

അബ്ര: (ആകാശത്തിലേക്ക് നയനങ്ങളുയർത്തി) സൈന്യങ്ങളുടെ കർത്താവായ യഹോവാ! അങ്ങയുടെ നാമം വാഴ്ത്ത

പ്പെട്ടതാകട്ടെ. വൃദ്ധനായ ഈ വിനീതദാസൻെറ കണ്ണുകൾക്കു് ഒരു വിളക്കായി അവിടന്നൊരു മകനെ തന്നു. ആ വിളക്കു തിരിച്ചെടുക്കുവാൻ അങ്ങുന്നു തിരുവിഷ്ടമായിരിക്കുന്നു. അങ്ങുന്നു തന്നു; അങ്ങുന്നു് എടുക്കുന്നു. ഇന്നുവരെയ്ക്കും അങ്ങയുടെ ഈ അയോഗ്യദാസൻ, അവിടുന്നു കാട്ടിത്തന്ന പാതയിലൂടെ അടിപതറാതെ നടന്നു. എൻെറ ഹൃദയം പതറാതെയും എൻെറ കരം വിറയ്ക്കാതെയും ഈ ബലി അങ്ങയ്ക്കു് അർപ്പിക്കുവാനും എന്നെ ശക്തനാക്കണമേ! അങ്ങേ തിരുനാമം എന്നന്നേക്കും മഹത്വപ്പെടട്ടെ!

(അബ്രഹാം ഇസഹാക്കിനെ വെട്ടാനായി വാളുയർത്തുന്നു. പെട്ടെന്നൊരു മിന്നലും ഇടിമുഴക്കവും. അബ്രഹാം ഞെട്ടുന്നു.)

അശരീ: അബ്രഹാം, അബ്രഹാം!

അബ്ര: അടിയൻ.

അശരീ: ബാലൻെറമേൽ കൈവയ്ക്കരുതു്. അവനു യാതൊരു കേടും വരുത്തുകയും അരുതു്. നീ എന്നെ ഭയപ്പെടുന്നുവെന്നും, എന്നെപ്രതി നിൻെറ വാത്സല്യപാത്രമായ ഏകപുത്രനെപ്പോലും ബലികഴിക്കാൻ സന്നദ്ധനാണെന്നും എനിക്കു ബോധ്യമായി. നിൻ്റെ മേലും നിൻെറ ജാതൻെറമേലും എൻെറ അനുഗ്രഹങ്ങൾ സമൃദ്ധിയായി വർഷിക്കപ്പെടും.

അബ്ര: ഹാ! കർത്താവേ അങ്ങുന്നു നല്ലവനാകുന്നു.

(അബ്രഹാം തിടുക്കത്തിൽ ഇസഹാക്കിൻെറ കൈകളിലെ കെട്ടഴിച്ചിട്ടു് അവനെ മാറോടു ചേർക്കുന്നു.)

അബ്ര: മകനേ!

ഇസ: അപ്പാ!

അബ്രാ: കരുണാനിധിയായ യഹോവായുടെ നാമം വാഴ്ത്തപ്പെടട്ടെ!

ഇസ: യഹോവായുടെ നാമം വാഴ്ത്തപ്പെടട്ടെ!

(അബ്രഹാമും ഇസഹാക്കും സ്നേഹാശ്ലേഷത്തിൽ നില്ക്കുമ്പോൾ മൈക്കിൽകൂടി സംഗീതാനുചിതമായ ഒരു സ്വരം കേൾക്കുന്നു:)

"തന്റെ ഏകതനയനെ ലോകത്തിനു നല്കുവാൻ തക്കവണ്ണം – പരിഹാരബലിയായും ആത്മീയഭോജനമായും *വിശുദ്ധ കുർബാനയിൽ മനുഷ്യരാശിക്കു നല്കുവാൻ തക്കവണ്ണം – മനുഷ്യരെ സ്നേഹിച്ച പിതാവായ ദൈവത്തിന്റെ ഒരു ഛായയാണ് പൂർവ്വപിതാവായ അബ്രഹാം."

—കർട്ടൻ—

— ശുഭം —

---

* വിശുദ്ധ കുർബാന അഥവാ ദിവ്യകാരുണ്യം: താൻ മരിക്കുന്നതിന്റെ തലേ രാത്രിയിൽ നടന്ന അത്താഴവിരുന്നിൽവച്ച് ക്രിസ്തു അപ്പം എടുത്ത് ആശീർവ്വദിച്ചിട്ട് "നിങ്ങൾ ഇതു ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ" എന്നും, വീഞ്ഞുചഷകം എടുത്ത് ആശീർവ്വദിച്ചിട്ട് "നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ, എന്തെന്നാൽ ഇത് എന്റെ രക്തമാകുന്നു" എന്നും പറഞ്ഞ് ശിഷ്യന്മാർക്കു കൊടുത്തു. അങ്ങനെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ താൻ

സവിശേഷമായി സന്നിഹിതനായിരിക്കുന്ന ഒരു ദിവ്യകൂദാശ (Holy Sacrament) ക്രിസ്തു സ്ഥാപിച്ചെന്നും, അതു് ആവർത്തിക്കുന്നതിനുള്ള അധികാരവും അത്ഭുതശക്തിയും തൻെറ ശിഷ്യന്മാർക്കും അവരുടെ അനന്തരഗാമികളായ വൈദികർക്കും നല്കിയിട്ടുണ്ടെന്നും ക്രൈസ്തവർ പൊതുവെ വിശ്വസിക്കുന്നു. യോഹന്നാൻെറ സുവിശേഷം, അധ്യായം VI, മത്തായി XXVI/26–29, ലൂക്കു് XXII/15–20, മാർക്കു് XIV/22–25 വാക്യങ്ങളാണു് വിശുദ്ധ കർബാനയുടെ (ദിവ്യകാരുണ്യം) സ്ഥാപനത്തിനു് സാക്ഷ്യം വഹിക്കുന്നതു്. ഈ പുസ്തകം വായിക്കാൻ ഇടയാകുന്ന ക്രൈസ്തവേതരരുടെ അറിവിലേക്കാണു് ഈ കുറിപ്പു്. അടുത്ത ഏകാങ്കങ്ങളിലും വി. കർബാനയെപ്പററി പരാമർശനങ്ങൾ ഉണ്ടാകും.

---



ലേനാർദൊ ദ വിഞ്ചിയുടെ Last Supper (ഒടുവിലത്തെ അത്താഴം)

ദിവ്യകാരുണ്യത്തിനു് ഒരു വിശ്വകലാകാരൻെറ

അനശ്വരസ്മാരകം.

ഏകാങ്കം 2

# തർസീസിയൂസ്

അഥവാ

## ദിവ്യകാരുണ്യത്തിൻെറ കൊച്ചുരക്തസാക്ഷി

# കഥാപാത്രങ്ങൾ

| | | |
|---|---|---|
| 1. തർസീസിയൂസ് | 7 | വയസ്സ് |
| 2. പംക്രേഷ്യസ് | 9 | ,, |
| 3. കൊറുവിൻ | 14 | ,, |
| 4. സിക്സ്റ്റസ് പാപ്പാ | 60 | ,, |
| 5. കാസ്സിയാൻ | 40 | ,, |
| 6. ലൂസിയാനച്ചൻ | 62 | ,, |
| 7. ലൂസീന | 5 | ,, |

8. ക്വാന്ദ്രാത്തൂസ് (ശതാധിപൻ)

9–11. കാർളോ, മാർക്ക്സ്, കാപ്രിയൂസ് (കൊറുവിൻെറ കൂട്ടുകാർ)

12. കാവൽഭടൻ.

*N. B.* ഈ പ്രഹസനം അഭിനയിക്കാൻ 10 പേർ മതിയാകും. അനുബന്ധം കാണുക.

# തർസീസിയൂസ്

## ———രംഗം ഒന്നു്———

*(റോമിലെ വിജനമായ ഒരു തെരുവീഥി. പംക്രേഷ്യസ് ഒരു സഞ്ചിയുമായി പ്രവേശിക്കുന്നു. ''നില്ലെടാ അ വിടെ'' എന്നു അണിയറയിൽനിന്നു് കൊറുവിൻെറ സ്വരം പംക്രേഷ്യസ് തിരിഞ്ഞുനോക്കിയിട്ടു് ഓടുന്നു. ഒരു കല്ലിൽ തട്ടി മറിഞ്ഞുവീഴുന്നു. കൊറുവിൻ ഓടി പ്രവശേിക്കുന്നു. അവൻെറ കൈയിലും ഒരു സഞ്ചിയുണ്ടു്.)*

കൊറു—ഞാൻ പറഞ്ഞില്ലേ, ഓടി നീ എന്നോടു് നേടാൻ പോകുന്നില്ലെന്നു്.

(പംക്രാസ് എഴുന്നേററു് മുന്നോട്ടുപോകാൻ ഭാവിക്കുന്നു കൊറുവിൻ അവൻെറ മുന്നിൽ കയറി തടസ്സം നില്ക്കുന്നു.)

കൊറു—നില്ലെടാ അവിടെ.

(മാർക്കുസും കാപ്രിയൂസും പ്രവേശിക്കുന്നു. മാർക്കുസ് കൊറുവിൻെറ വലതുവശത്തും കാപ്രിയൂസ് പംക്രാസിൻെറ ഇടതുവശത്തും നില്ക്കുന്നു. എല്ലാവരും നന്നേ കിതയ്ക്കുന്നുണ്ടു്.)

കൊറു—(തർസീസിയൂസിനോടു്) എടാ, നീ ക്ലാസ്സിൽവച്ചു് വല്യ ആളായി നടിച്ചില്ലേ. നിൻെറ വലിപ്പം ഒന്നു കാണട്ടെ വിടുന്നുള്ളൂ.

പംക്രാ—(പ്രശാന്തനായി) ഞാൻ നിങ്ങൾക്ക് യാതൊരു ദ്രോഹവും ചെയ്തിട്ടില്ല; ചെയ്യുവാൻ ഉദ്ദേശിച്ചുമില്ല.

കൊറു—നിൻെറ പ്രഭാഷണം ഞാൻ കേട്ടു മടുത്തു പ്രഭാഷണത്തിനു നീ തന്നെ മിടുക്കൻ. ഇനി നമുക്കു കൈമിടുക്കാണു് പരീക്ഷിക്കുവാനുള്ളതു്. എടാ മാർക്കൂസേ, എൻെറ സഞ്ചിയൊന്നു പിടിക്കു്.

(മാർക്കൂസ് സഞ്ചി വാങ്ങിക്കുന്നു)

കാപ്രി—(വാശികേററുന്നതിനായി) പംക്രാസേ, നിൻെറ സഞ്ചി ഞാൻ പിടിക്കാം.

പംക്രാ—വേണ്ട; എൻെറ സഞ്ചി ഞാൻതന്നെ പിടിച്ചുകൊള്ളാം. ഞാൻ ദ്വന്ദയുദ്ധം ചെയ്യാൻ തയാറില്ല.

കൊറു—എടാ, ഒരു യഥാൎത്ഥ ക്രിസ്ത്യാനി തൻെറ വിശ്വാസത്തിനുവേണ്ടി മരിക്കാൻ തയാറായിരിക്കുമെന്നു് നീ വീറോടെ പ്രസംഗിച്ചില്ലേ? നിൻെറ അധിക പ്രസംഗത്തിൻേറയും വിജയത്തിൻേറയും സാക്ഷികളായിരുന്ന ഇവരൊന്നു കാണട്ടെ, വാസ്തവത്തിൽ നിനക്കെന്തുമാത്രം വീര്യമുണ്ടെന്നു്. നിന്നെക്കാൾ പ്രായംകൂടിയവരും അന്തസ്സുള്ളവരുമായ ഞങ്ങളെക്കാൾ മിടുക്കനായി പ്രസംഗിച്ചു്, നീ ഞങ്ങളെയെല്ലാം കൊച്ചാക്കിയില്ലേ?

പംക്രാ—ഞാൻ എനിക്കു പറയാനുള്ളതു പറഞ്ഞതേയുള്ളു. ഞാനൊരിക്കലും നിങ്ങളെക്കാൾ വലിയവനാണെന്നു ഭാവിച്ചില്ല. നിങ്ങൾക്കങ്ങനെ തോന്നാൻ ഞാൻ ഇടയാക്കിയെങ്കിൽ, സഹോദരാ, സദയം ക്ഷമിച്ചാലും.

കൊറു—ഞാൻ നിൻെറ സഹോദരനോ? (പംക്രാസിൻെറ തോളത്തു പിടിച്ചു കുലുക്കുന്നു) കഴുതത്തലയെ ആരാധി

ക്കുന്ന മ്ലേച്ഛാ! (ഞെളിഞ്ഞുനിന്നു്) എടാ ഞാൻ, റോമിലെ ന്യായാധിപനായ തെർത്തുലസ് പ്രഭുവിന്റെ മകനാണു്. നിന്നെപ്പോലെയുള്ള എരപ്പാളികളുടെ ചേട്ടനൊന്നുമല്ല.

കാപ്രി—നീയും പിടിച്ചു തള്ളെടാ പംക്രാസേ. വിട്ടുകൊടുക്കരുതു്.

പംക്രാ—ഞങ്ങൾ യാതൊരു സൃഷ്ടവസ്തുവിനെയും ആരാധിക്കുന്നില്ല. നമ്മുടെ എല്ലാവരുടേയും പിതാവായ സത്യദൈവത്തെ മാത്രമാണു് ഞാൻ വണങ്ങുന്നതു്.

കൊറു—നാക്കുകൊണ്ടുള്ള സമരം നിർത്തടാ. (പംക്രാസിന്റെ ചെകിട്ടത്തടിക്കുന്നു) ഇനി കൈയെടുത്തോ ചുണയുണ്ടെങ്കിൽ.

(പംക്രാസിന്റെ കൈയിൽനിന്നു സഞ്ചി താഴെവീഴുന്നു. വേദനകൊണ്ടു മുഖം തിരുമ്മുന്നു )

കാപ്രി—നീയും കൊട്ടുകെടാ പംക്രാസേ.

(പംക്രാസ് കൈ താഴെയിട്ടിട്ടു് നിവർന്നുനില്ക്കുന്നു. സ്വാഭാവികമായുണ്ടായ കോപത്താലും പ്രതീകാരേച്ഛയാലും മുഖം ചുവക്കുന്നു. കൊറുവിനെ നോക്കുന്നു. അനന്തരം മുഖം തിരിച്ചു് മനസ്താപത്തോടേ ഇരുകരങ്ങൾകൊണ്ടും കണ്ണുകൾ പൊത്തുന്നു. അനന്തരം പുഞ്ചിരിയോടുകൂടി ഇരുകരങ്ങളും കൂപ്പി കൊറുവിന്റെ നേരെ ഉയർത്തിയിട്ടു്—)

പംക്രാ—കൊറുവിൻ, ഞാൻ നിങ്ങളോടു് ഹൃദയപൂർവ്വം ക്ഷമിക്കുന്നു. ദൈവവും നിങ്ങളോടു ക്ഷമിക്കട്ടെ. അങ്ങുന്നു് നിങ്ങളുടെമേൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ!

കൊറു—(കോപിഷ്ഠനായി) നീ ഇനിയും പ്രസംഗംകൊണ്ടു നേടാമെന്നോ, ഇവിടെനിന്നു രക്ഷപ്പെടാമെന്നോ വിചാരിക്കണ്ടാ വാക്കിനു് വാക്കു്, മുഷ്ടിക്കു മുഷ്ടി.

(പംക്രേഷ്യസിനെ ഇടിക്കാനായി ഓങ്ങുന്നു)

മാർക്കു—(കൊറുവിൻെറ കൈയിൽ കയറിപ്പിടിക്കുന്നു) വേണ്ട കൊറുവിൻ.

കൊറു—ഇല്ലെടാ. അവനെ ഞാൻ പൊടിയാക്കുന്നുണ്ട്. അവൻെറ പൊങ്ങച്ചം ഞാൻ തീത്തിട്ടേ ഉള്ളൂ.

(അണിയറയിൽനിന്നു് ഒരു സ്വരം:) ആരെടാ അവിടെ ശണ്ഠ കൂട്ടുന്നതു്!

കാപ്രി—ഓടിക്കോടാ, മാസ്റ്റർ വരുന്നു.

(മൂന്നുപേരും ഓടിപ്പോകുന്നു. കാസ്സിയാൻ മാസ്റ്റർ തിട്ടകത്തിൽ പ്രവേശിക്കുന്നു. പംക്രാസ് താഴെ വീണുകിടന്ന സഞ്ചി കൈയിലെടുക്കുന്നു. കാസ്സിയാൻ അട്ടുത്തുവരുന്നു.)

കാസ്സി—കുഞ്ഞേ പംക്രാസ്, നിന്നെ കൊറുവിൻ വല്ലതും ചെയ്തോ?

പംക്രാ—(പുഞ്ചിരിയോടേ) സാരമായിട്ടൊന്നും ചെയ്തില്ല മാസ്റ്റർ

കാസ്സി—പിന്നെ ഈ മുഖത്തു കാണുന്നതെന്താ? (പംക്രാസിൻെറ കന്നത്തു തലോട്ടുന്നു.)

പംക്രാ—കൊറുവിൻ എന്നെ ഒന്നടിച്ചു.

കാസ്സി—എന്നിട്ടു്?

പംക്രാ—രണ്ടാമതു് അടിക്കാൻ കൈയോങ്ങിയപ്പോ (പുഞ്ചിരിച്ചുകൊണ്ടു്) മാസ്റ്ററുടെ സ്വരം കേട്ടു. പറഞ്ഞ വാച്ചിൽ കണ്ടില്ലേ?

കാസ്സി—പംക്രാസ് അവനെ ഒന്നും ചെയ്തില്ലേ?

പംക്രാ—ഒന്നും ചെയ്തില്ല. എനിക്കു കോപം വന്നു. തിരിച്ചടിക്കാൻ കൈ തരിച്ചു. പക്ഷെ, കുരിശിൽ കിടന്നുകൊണ്ടു് തൻെറ ശത്രുക്കൾക്കുവേണ്ടി മാപ്പി

രന്നാ നാഥന്റെ മുഖം – ഇന്നു രാവിലെ ഞാൻ ദിവ്യകാരുണ്യത്തിൽ സ്വീകരിച്ച ക്രിസ്തുവിന്റെ മുഖം – എന്നെ നോക്കുന്നതായി എനിക്കു തോന്നി. ഞാൻ അവനോട്ട് സന്തോഷത്തോടേ ക്ഷമിച്ചു. അവനു ദൈവാനുഗ്രഹങ്ങൾ നേൎന്നു.

കാസ്സി—(പംക്രാസിനെ കെട്ടിപ്പിടിക്കുന്നു) കുഞ്ഞേ, നിന്നെപ്പോലെ ഒരു ശിഷ്യനെങ്കിലും എനിക്കുണ്ടായതിൽ നിന്റെ ഈ ഗുരുനാഥൻ കൃതാൎത്ഥനായി.

പംക്രാ—മാസ്റ്റർ!

കാസ്സി—ഉം!

പംക്രാ—എനിക്കു് അങ്ങയോട്ട് ഒരപേക്ഷയുണ്ട്.

കാസ്സി—എന്താണതു്?

പംക്രാ—ഈ സംഘട്ടനത്തെ തികച്ചും ക്രിസ്തീയമായ വിധത്തിൽ നേരിടുവാൻ എനിക്കു ശക്തിതന്ന ക്രിസ്തുവിനെപ്രതി ഞാൻ അപേക്ഷിക്കുന്നു. (കാസ്സിയാന്റെ കാല്ക്കൽ മുട്ടുകുത്തുന്നു) കൊറുവിനെ അങ്ങുന്നു് ശിക്ഷിക്കരുതു്. അവനു മാപ്പുകൊടുക്കണം.

കാസ്സി—(പംക്രാസിനെ പിടിച്ചുയൎത്തി അവന്റെ കഴുത്തിൽ കൈയിട്ടുകൊണ്ടു്) നിന്റെ അപേക്ഷയെ എനിക്കു് ഒരു നാളും നിരസിക്കാൻ സാധ്യമല്ല.

(പംക്രാസ് കൃതാൎത്ഥത സ്ഫുരിക്കുന്ന പുഞ്ചിരിയോടേ കാസ്സിയാനെ നോക്കുന്നു.)

കാസ്സി—കുഞ്ഞേ, നാം വളരെ കരുതലോടേ സംസാരിക്കുകയും പെരുമാറുകയും ചെയ്യേണ്ട ഒരു കാലമാണു് ഇതു്. ഇന്നു ഞാൻ ക്ലാസ്സിൽ നിങ്ങൾക്കു പ്രഭാഷ

ണത്തിൻ തന്നെ വിഷയം, "ഒരു യഥാർത്ഥ തത്വജ്ഞാനി സത്യത്തിൻവേണ്ടി മരിക്കാൻ തയ്യാറായിരിക്കണം" എന്നാതല്ലായിരുന്നോ?

പംക്രാ—അതെ മാസ്റ്റർ.

കാസ്സി—എന്നിട്ട് നീ എന്തെല്ലാമാണ് പറഞ്ഞുപിടിപ്പിച്ചത്?

പംക്രാ—മാസ്റ്റർ, ആ വിഷയത്തെക്കുറിച്ചാണ് ഞാൻ പ്രഭാഷണം എഴുതിയത്. എന്നാൽ പ്രസംഗിക്കാൻ ആരംഭിച്ചപ്പോൾ, എനിക്കു തടുക്കുവാൻ കഴിയാഞ്ഞ ഒരു ശക്തിയുടെ പ്രചോദനത്താൽ "ഒരു യഥാർത്ഥ തത്വജ്ഞാനി സത്യത്തിനുവേണ്ടി മരിക്കാൻ തയാറായിരിക്കും" എന്നതിൻ പകരം "ഒരു യഥാർത്ഥ ക്രിസ്ത്യാനി വിശ്വാസത്തിനുവേണ്ടി മരിക്കാൻ തയാറായിരിക്കും" എന്നു ഞാൻ പറഞ്ഞുപോയി.

കാസ്സി—(വിദൂരതയിലേക്കു നോക്കിക്കൊണ്ടു്) ഒരു രക്തസാക്ഷിയുടെ മകനല്ലേ നീ! ആ വീരാത്മാവിന്റെ രക്തം നിന്റെ സിരകളിലോടിക്കൊണ്ടിരിക്കുമ്പോൾ നീ അങ്ങനെ പറഞ്ഞതിൽ അത്ഭുതത്തിനവകാശമില്ല. എന്നാൽ അതുമൂലം എന്തെല്ലാമാണ് സംഭവിക്കാൻപോകുന്നതെന്നു് എനിക്കു പ്രവചിക്കാനാവില്ല.

(തർസീസിയൂസ് ഓടിവരുന്നു.)

തർസി—അയ്യോ പംക്രാസ് ചേട്ടാ. (പംക്രാസിനെ കെട്ടിപ്പിടിക്കുന്നു)

പംക്രാ—എന്താ തർസി?

തർസാ—(പിടിവിടത്തി) ചേട്ടനെ കൊറുവിൻ അടിച്ചെന്നു പിള്ളേരു പറഞ്ഞുകൊണ്ടുപോയല്ലോ.

പംക്രാ—അതു സാരമില്ല തർസി.

കാസ്സി—നിങ്ങളൊരുമിച്ചു വീട്ടിൽ പൊയ്ക്കൊൾക. ഞാൻ പോകുന്നവഴിക്ക് കൊറുവിനെയും കൂട്ടരെയും കാണുന്നപക്ഷം അവരെ അവരുടെ വീട്ടിലേക്കും പറഞ്ഞയച്ചുകൊള്ളാം.

പംക്രാസും, തർസിയും—നമസ്കാരം മാസ്റ്റർ.

കാസ്സി—നമസ്കാരം. (പോകുന്നു)

തർസി—(പംക്രാസിന്റെ മുഖത്തുനോക്കിയിട്ട്) അഞ്ചു വിരലുകളും അങ്ങനെ ചുവന്നുകിടക്കുന്നല്ലോ. ചേട്ടന് വേദനിക്കുന്നുണ്ടോ?

പംക്രാ—സാരമില്ല തർസി. ഇതിലും കൂടുതൽ വേദനകൾ അനുഭവിക്കാൻ നാം ഒരുങ്ങേണ്ട സമയം അടുത്തിരിക്കയാണ്. വേദഞെരുക്കം വീണ്ടും ആരംഭിച്ചിരിക്കുന്നു. പല ക്രിസ്ത്യാനികളെയും ചക്രവർത്തിയുടെ ചാരന്മാർ അറസ്റ്റുചെയ്തു് കാരാഗൃഹത്തിലടച്ചുകഴിഞ്ഞു.

തർസി—അതെ, ഞാനറിഞ്ഞു ചേട്ടാ. ഞാനും ആയയും കൂടി രക്തസാക്ഷികളുടെ കല്ലറയിൽ പോയി പ്രാർത്ഥിച്ചിട്ടു മടങ്ങിവരികയായിരുന്നു. വഴിക്കുവെച്ചാണ് ചേട്ടനെ കൊറുവിൻ തല്ലിയെന്നു കേട്ടത്. അതു കേട്ട് ഞാൻ മുമ്പേ ഓടിപ്പോന്നു.

പംക്രാ—അതിന്റെ ആവശ്യമില്ലായിരുന്നു. മാത്രമല്ല. നീ അങ്ങനെ തനിച്ചു നടക്കുന്നതും അപകടമാണ്,

തർസി—ഞാനൊരു പയ്യനല്ലെ. എന്നെ ആരും അത്ര കൂട്ടാക്കത്തില്ല. പിന്നെ ഭൂമിയുടെ അടിയിലുള്ള ആ രഹസ്യസങ്കേതത്തിൽവച്ച് ഞങ്ങൾ മാർപ്പാപ്പായെ

യും മററും കണ്ടു. നാളെ വെളുപ്പിനു് അവിടെ ദിവ്യപൂജയുണ്ടെന്നും കഴിവുള്ളവരെല്ലാവരും ചെല്ലണമെന്നും മാപ്പാപ്പാ പറഞ്ഞു. ചേട്ടൻ പോരുന്നില്ലേ?

പംക്രാ—തീർച്ചയായും.

തർസി—നമുക്കൊരുമിച്ചുപോകണം. വി. കുർബാന സ്വീകരിക്കണം. അപ്പോൾ എല്ലാം സഹിക്കാൻ ഈശോ നമുക്കു ശക്തിനല്കും.

പംക്രാ—തീർച്ചയായും.

(ഇരുവരും പോകുന്നു)

-കർട്ടൻ-

## രംഗം രണ്ടു്

*(ഭൂഗർഭാലയത്തിലെ ഒരു പ്രാർത്ഥനാമുറി. പരി: പിതാവു് സിക്കുസ്റ്റസ് തിരുമനസ്സുകൊണ്ടു് ദിവ്യബലി അപ്പിച്ചുകൊണ്ടു നില്ക്കുന്നു. പംക്രാസ്, തർസീസിയൂസ് മുതലായ ഏതാനും വിശ്വാസികൾ മുട്ടുകുത്തിനിന്നു് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ഗാനം ആലപിക്കുന്നു.)*

### ഗാനം

സ്വർഗ്ഗസ്ഥനായ പിതാവേ!
നിൻ നാമം പൂജിതമാകണം.
ദ്യോവിലെപോലെ യീ ഭൂവിലും
നിൻഭരണം വന്നുചേരണം. (സ്വർഗ്ഗ...

ഇന്നും ഞങ്ങൾക്കരുളേണമേ
അന്നന്നു വേണ്ടുന്ന ഭോജനം.
ഞങ്ങളുടെ കടക്കാരോടു
ഞങ്ങൾ പൊറുക്കുന്നപോൽ,
ഞങ്ങളുടെ അപരാധങ്ങൾ
എല്ലാം ക്ഷമിക്കണേ താതാ.
ഞങ്ങൾ പരീക്ഷയിൽ വീഴാതെ
തിന്മയിൽനിന്നു രക്ഷിക്കേണമേ. *
ആമേൻ.

(ഗാനം കഴിയുമ്പോൾ പ: പിതാവു് വിശ്വാസികൾക്കു് അഭിമുഖമായിനിന്നു് ഒരു പ്രസംഗം ചെയ്യുന്നു.)

പ: പിതാവു്—പ്രിയപ്പെട്ട മക്കളെ, നിങ്ങൾക്കു് സമാധാനമുണ്ടാകട്ടെ. ലോകത്തിന്റേതായ സമാധാനമല്ല ഞാൻ ആശംസിക്കുന്നതു്. ക്രിസ്തുവിന്റെ സമാധാനമാണു്. ലോകം നമുക്കു സമാധാനം നിഷേധിച്ചിരിക്കയാണു്. അതാ, ചക്രവർത്തി തിരുമനസ്സു കൊണ്ടു് വീണ്ടും മതമർദ്ദനം വിളംബരം ചെയ്തിരിക്കുന്നു. നമ്മുടെ സഹോദരങ്ങളിൽ പലരെയും ഇതിനകം കാരാഗൃഹത്തിലാക്കിക്കഴിഞ്ഞു. നമ്മുടെ ദേവാലയങ്ങൾ പട്ടാളക്കാർ തകർക്കുന്നു. വി. കുർബാനയെയും വിശുദ്ധ വസ്തുക്കളെയും അവർ അവഹേളിക്കുന്നു. നമ്മുടെ ജീവൻതന്നെയും ഏതു നിമിഷവും നമ്മുടെ വിശ്വാസത്തിനുവേണ്ടി ബലികഴിക്കേണ്ടിവരാം. എന്നാൽ നീതിമാന്റെ ജീവൻ ദൈവത്തിന്റെ കരതലത്തിലാണെന്നു നമുക്കു സമാധാനപ്പെടാം.

---

* ഗാനങ്ങളുടെ ട്യൂണിനെ സംബന്ധിച്ചു് അനുബന്ധം കാണുക.

ക്രിസ്തുവിൽ നമുക്കു സമാധാനമായി ജീവിക്കാം. ഇപ്പോൾ വി. ദിവ്യകാരുണ്യത്തിൽ നാം സ്വീകരിച്ച ക്രിസ്തു നമുക്കു ധൈര്യം നല്കും. വി. ഡീക്കനായ സ്റ്റീഫൻമുതൽ ഇന്നലെ വിശ്വാസത്തിനുവേണ്ടി വധിക്കപ്പെട്ട അബലബാലികയായ സിസിലിയാ വരെയുള്ള വീരരക്തസാക്ഷികൾക്ക് ധൈര്യം പകർന്നുകൊടുത്ത സ്വർഗ്ഗീയ മന്നാതന്നെയാണ്—നിത്യജീവൻെറ അപ്പംതന്നെയാണ് നാമും സ്വീകരിച്ചിരിക്കുന്നതെന്ന് ആശ്വസിക്കുക.

നിങ്ങളോട് പ്രത്യേകമായി ഒരു കാര്യം പറയാനുണ്ട്. മാമ്മറൈറൻ കാരാഗൃഹത്തിൽ കിടക്കുന്ന നമ്മുടെ ചില സഹോദരങ്ങൾ ഏതാനും മണിക്കൂറുകൾക്കുള്ളിൽ വധിക്കപ്പെട്ടുമെന്ന് അറിയുന്നു. അവർ കൊലക്കളത്തിലേക്ക് ആനയിക്കപ്പെടുന്നതിനു മുൻപ് അവർക്ക് ദിവ്യകാരുണ്യം എത്തിച്ചുകൊടുക്കേണ്ടതുണ്ട്. അവരോടൊന്നിച്ച് വന്ദ്യവയോധികനായ ലൂസിയാനച്ചൻ ഉണ്ടെങ്കിലും, അദ്ദേഹത്തിന് അവിടെ ദിവ്യബലി അപ്പിക്കാൻ യാതൊരു സൗകര്യവുമില്ല. അതുകൊണ്ടു്, ഇവിടെയുള്ളവരിൽ ആരെങ്കിലും ഒരാൾ അവർക്ക് ദിവ്യകാരുണ്യം കൊണ്ടുചെന്നു കൊടുക്കണം. എന്തു ത്യാഗം സഹിച്ചും ആ സ്നേഹശുശ്രൂഷചെയ്യുവാൻ തയാറുള്ളയാൾ കൈ ഉയർത്തട്ടെ.

(എല്ലാവരും കൈയുയർത്തുന്നു. "ഞാൻ പോകാം" "ഞാൻ പോകാം" എന്നു് ഓരോരുത്തരും പറയുന്നു. മാപ്പാപ്പാ അന്ധാളിച്ചുനില്ക്കു, തർസീസിയൂസ് എഴുന്നേററു് അടുത്തുചെല്ലുന്നു)

തർസീ—പരിശുദ്ധ പിതാവേ, ദിവ്യകാരുണ്യം എന്നെ ഏല്പിച്ചാലും. ഞാൻ അതു് എങ്ങനെയും കാരാഗൃഹത്തിൽ എത്തിച്ചുകൊള്ളാം. (മുട്ടുകുത്തുന്നു)

DHARMARAM COLLEGE LIBRARY, BANGALORE
19796

പരി:പി:—മകനേ, നീ ഒരു പിഞ്ചുപൈതലല്ലേ? വഴിയിൽ എന്തെങ്കിലും തടസ്സമുണ്ടായാൽ, അല്ലെങ്കിൽ ജയിൽ സൂക്ഷിപ്പുകാരൻ തടഞ്ഞാൽ നീ എന്തു ചെയ്യും?

തർസീ—ഒരു കൊച്ചുബാലനായ എന്നെ ആരും അത്ര ഗൗനിക്കാൻ ഇടയില്ല. കാവൽക്കാരൻതന്നെയും ഞാൻ അകത്തു കടക്കുന്നതിനെപ്പററി കാര്യമായിട്ടു സംശയിക്കയില്ല. പ്രായംചെന്ന ഒരാളിനെ, അയാൾ അകത്തു കടത്തിവിടുന്ന കാര്യംതന്നെ സംശയമാണു്.

പരി:പി:—കുഞ്ഞേ, നിൻെറ വാദം ശരിയാണു്. എങ്കിലും നിൻെറ പിഞ്ചുകരങ്ങളിൽ ഞാൻ ദിവ്യകാരുണ്യം ഏല്പിച്ചാൽ അതു് യഥാർഥം സൂക്ഷിക്കുന്നതിനുള്ള കരുത്തു് നിനക്കില്ലല്ലോ?

തർസീ—പരിശുദ്ധ പിതാവേ, ജീവൻ വെടിയേണ്ടിവന്നാൽതന്നെയും ഈശോയെ ശത്രുകരങ്ങളിലകപ്പെടാൻ ഞാൻ അനുവദിക്കുകയില്ല. ഈശോതന്നെ എൻെറ കരങ്ങൾക്കു് അതിനു വേണ്ട കരുത്തു തരുമെന്നു് എനിക്കുറപ്പുണ്ടു്. സംശയിക്കാതെ ദിവ്യകാരുണ്യം എന്നെ ഏല്പിച്ചാലും.

പരി:പി:— സഹോദരങ്ങളേ, ബലവാന്മാരെ ലജ്ജിപ്പിക്കുന്നതിനായി ദൈവം ഇതാ ഈ പിഞ്ചുബാലനെ ഉയർത്തിയിരിക്കുന്നു. (ദിവ്യകാരുണ്യം സൂക്ഷിച്ചിരുന്ന പാത്രം, തുവാലയിൽ പൊതിഞ്ഞു് തർസീസിയൂസിനെ ഏല്പിക്കുന്നു) കുഞ്ഞേ, ദൈവംതന്നെ നിൻെറ പിഞ്ചുകരങ്ങൾക്കു ശക്തിനൽകട്ടെ. അങ്ങയുടെ കരങ്ങൾ നിന്നെ കാത്തുകൊള്ളും.

(തർസീസിയൂസ് എഴുന്നേററു പോകുന്നു)

പരി:പി:—മക്കളേ, തർസീസിയൂസ് അപകടം കൂടാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതിനായും, രക്തസാക്ഷിത്വത്തെ നേരിടുവാൻ പോകുന്ന നമ്മുടെ സഹോദരങ്ങൾ വിശ്വാസത്തിൽ അചഞ്ചലരായി നില്ക്കുന്നതിന് ദിവ്യകാരുണ്യനാഥൻ അവക്ക ശക്തിനല്കുന്നതിനുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.

(എല്ലാവരും മുട്ടുകുത്തുന്നു)

—-കർട്ടൻ—

## രംഗം മൂന്ന്

*(വിജനമായ ഒരു സ്ഥലം. മാർക്കുസ് കാപ്രിയൂസ് കാർളോ എന്നീ ബാലന്മാർ സന്തോഷഭരിതരായി അണിയറയിലേക്കു നോക്കിനില്ക്കുന്നു.)*

കാപ്രി—അതാ നമ്മുടെ നേതാവു വന്നുകഴിഞ്ഞു!

(കൊറുവിൻ എന്തോ വലിയ കാര്യം നേടിയ മട്ടിൽ പ്ര പ്രവേശിക്കുന്നു. കൈയിൽ ഒരു തുകൽച്ചുരുൾ ഉണ്ട്.)

കൊറു—എടാ, ഞാനിപ്പോൾ നിങ്ങളുടെ പഴയ കൊറുവിനൊന്നുമല്ല.

കാപ്രി—എടാ, നമുക്ക് ആളു മാറിപ്പോയോന്നു നോക്കട്ടെ. (കൊറുവിൻെറ താടിയിൽ പിടിച്ചുകൊണ്ടു മുഖഛായ സൂക്ഷ്മമായി പരിശോധിക്കാൻ ഭാവിക്കുന്നു. മററു രണ്ടുപേരും കൊറുവിൻെറ ചുററിലുമായി അടുത്തുകൂടുന്നു.)

കൊറ—ഛരായ്! മാറിനില്ലിനെടാ, ഞാനിപ്പോൾ പീക്കിരിപ്പിള്ളേരുടെ നേതാവല്ലെന്നു പറഞ്ഞില്ലേ?

(ഓ!' എന്നു പറഞ്ഞു് മൂന്നുപേരും പരിഭവിച്ചു് മാറിനില്ക്കുന്നു.)

മാർക്ക്- എന്നാൽ വല്യപ്പക്കാരൻ അങ്ങു നടന്നാട്ടെ. ഞങ്ങൾ വേറെ നേതാവിനെ അന്വേഷിച്ചുകൊള്ളാം.

കൊറ- ഓഹോ! അതല്ലടാ ഞാൻ പറഞ്ഞതിൻെറ സാരം. എൻെറ പദവി ഉയന്നിരിക്കുന്നു. അതോടൊപ്പം എൻെറ കൂട്ടുകാരായ നിങ്ങളുടെ പദവിയും പീക്കിരിപ്പിള്ളേരു് എന്ന നിലയിൽനിന്നു് ഉയർന്നിരിക്കുന്നു. എന്നാണു് ഞാൻ പറഞ്ഞതിൻെറ പൊരുൾ.

മൂവരും- ഓഹോ!

കൊറ- (വീണ്ടും മുഖത്തു് സന്തോഷഭാവം ഉണ്ടാകുന്നു) എൻെറ കൈയിലിരിക്കുന്നതു് എന്താണെന്നു് അറിയാമോ?

മൂവരും- (അത്ഭുതത്തോടേ) എന്താണു്?

കൊറ- ചക്രവത്തി തിരുമനസ്സിലെ തീട്ടൂരമാ.

മാർക്ക്- തീട്ടൂരമോ?

കാപ്രി- കാണട്ടെ.

(മൂവരും വീണ്ടും അട്ടുത്തുവന്നു് തീട്ടൂരം വാങ്ങിച്ചു നോക്കാൻ ശ്രമിക്കുന്നു.)

കൊറ- ഛരായ്! മാറിനില്ലിനെടാ കഴുതകളെ. ഇതു നിങ്ങൾക്കു പിച്ചിക്കീറി നോക്കാനുള്ള കളിപ്പാട്ടമൊന്നുമല്ല.

(വീണ്ടും മൂന്നുപേരും പരിഭവത്തോടെ അകന്നുനില്ക്കുന്നു.)

കൊറു– (ചുരുൾ സാവധാനം ഉയർത്തിപ്പിടിക്കുന്നു) കുറച്ചുകൂടി അടുത്തുവന്നു നോക്കിക്കോളിനെടാ. കൈകൊണ്ടു തൊട്ടുപോകരുത്.

(മൂന്നുപേരും കുറച്ച് അടുത്തുവന്ന് തീട്ടൂരത്തിൽ എത്തി നോക്കുന്നു)

കൊറു– (വായിക്കുന്നു) "ക്രൈസ്തവരെ തേടിപ്പിടിക്കുന്നതിനും അവരെ കാരാഗൃഹത്തിൽ അടയ്ക്കുന്നതിനും അവരെ മർദ്ദിക്കുന്നതിനും അവരുടെ വസ്തുവകകൾ കണ്ടുകെട്ടുന്നതിനുമുള്ള അധികാരം നാം തെർത്തുലസിന്റെ പുത്രനായ കൊറുവിനു നൽകുന്നു—മാക്സിമിയൻ ഹെർക്കുലസ് ചക്രവർത്തി."

മാർക്കു: കാപ്രി– ബലേഭേഷ്! കൊറുവിനു കീജേ!

കാപ്രി– ആദ്യമായി നമ്മുടെ നേതാവിനെ അനുമോദിച്ചുകൊണ്ട് നമുക്കൊരു നൃത്തം ചെയ്യാം.

(നാലുപേരുംകൂടെ പാട്ടുപാടി ഒരു കോമാളിനൃത്തം നടത്തുന്നു)

## ഗാനം

ടട്ടടം – ടട്ടടം – ടട്ടടം –, ടട്ടട – ടട്ടട – ടട്ടട
ഡും – ഡിം – ഡും – ഡും ......

കൊറുവിൻ നമ്മുടെ കൊടിയാണ്
കൊടിമരമാണ് കുറുവടിയാണ്.

1. പുല്ലാണേ ക്രൈസ്തവരെല്ലാം
തല്ലിപ്പൊടിയാക്കും നൂനം
എല്ലാം കരസ്ഥമാക്കും
വല്ലഭനാണു കൊറുവിൻ. (കൊറു...

2. ചങ്ങാതിമാരെയെല്ലാം
മുന്തിരിച്ചാറിൽ മുക്കും

പിന്നെയീ പീക്കിരിമാരോ
നമ്മുടെ കീഴിലല്ലോ.
മുങ്ങിപ്പൊങ്ങി മുങ്ങിപ്പൊങ്ങി
മുന്തിരിച്ചാറിൽ മുങ്ങി
മുങ്ങിപ്പൊങ്ങി മുങ്ങിപ്പൊങ്ങി
മുന്തിരിച്ചാറിൽ മുങ്ങി......

കാപ്രി– നമ്മുടെ നേതാവു് മേല്ക്കുമേൽ ഉയരട്ടെ.

മാർക്കു– കൊറുവിൻ ഒരു സാമന്തരാജാവായി ഉയരട്ടെ.

കാപ്രി– കൊറുവിന്റെ കൂട്ടുകാർ മന്ത്രിമാരായിത്തീരട്ടെ.

കൊറു– ഇനി എന്താണു് പരിപാടി?

കാപ്രി– (ആലോചിച്ചിട്ടു്) നമുക്കു് 'രാജാവും മന്ത്രിയുമായി' ഒന്നഭിനയിച്ചുനോക്കാം.

മാർക്കു– അതുതന്നെ പരിപാടി.

കൊറു– ശരി, ഞാൻ രാജാവായിരിക്കുന്നു. (വലിയഭാവത്തിൽ നട്ടക്കുകയറി നില്ക്കുന്നു)

കാപ്രി– ഞാൻ മുഖ്യമന്ത്രി. (കൊറുവിന്റെ വലതുവശത്തു നില്ക്കുന്നു)

മാക്രൂർ– ഞാൻ ഡെപ്യൂട്ടിമുഖ്യമന്ത്രി. (കൊറുവിന്റെ ഇടതുവശത്തു് ചേർന്നുനില്ക്കുന്നു.)

കൊറു– ഡെപ്യൂട്ടി മുഖ്യനെ ആവശ്യമില്ല. രണ്ടുംകൂടി ശണ്ഠകൂട്ടും. നമുക്കൊരു സേനാധിപനെയാണു് അടുത്തതായി വേണ്ടതു്. (മാർക്കുസിനെ തള്ളിമാററുന്നു)

മാർക്കു– എന്നാൽ ഞാൻ സേനാധിപൻ. (വീണ്ടും ഗമയിൽ അടുത്തുചെല്ലുന്നു)

കൊറു– ഇനി നമുക്കൊരു മഹാറാണിയെ വേണ്ടിയിരിക്കുന്നു.

കാപ്രി– (ആലോചിച്ചിട്ട്) തല്ക്കാലത്തേക്ക് കാർളോ മഹാറാണിയായിരിക്കട്ടെ.

കാർ– (നാണം നടിച്ച്) എനിക്കു നാണമാ.

മന്ത്രി– നാണംതന്നെയാണ് മഹാറാണിയാകുന്നതിനുള്ള പ്രധാന യോഗ്യത.

കൊറു– നമ്മുടെ മന്ത്രിയുടെ ഉപദേശം ഉചിതംതന്നെ. മന്ത്രിക്ക് പുംഗവൻ എന്ന പദവികൂടി നൽകിയിരിക്കുന്നു. കാർളോയെ നാം മഹാറാണിയായി സ്വീകരിക്കുന്നു. (കാർളോയോട്) പ്രിയേ, മഹാറാണീ, നമ്മുടെ അരികിൽ വന്നു നിന്നാലും. (മാർക്കുസിനെ തള്ളിമാററിയിട്ട് കാർളോയെ ഇടതുവശത്ത് നിറുത്തുന്നു) സേനാധിപൻ നമ്മുടെ വലതുവശത്തുവന്നു നില്ക്കട്ടെ. മഹാറാണി നമ്മുടെമേൽ കയ്യേററം നടത്തുകയാണെങ്കിൽ, നമ്മുടെ 'തിരുമേനി'യെ സംരക്ഷിക്കാൻ സേനാധിപൻ സദാ ജാഗരൂകനായിരിക്കണം.

മാർക്കു– ഉത്തരവ്.

(കൊറുവിൻ കാപ്രിയൂസിനെ തള്ളിമാററുന്നു. മാർക്കുസ് കാപ്രിയൂസിൻെറ സ്ഥാനത്തുപോയി നില്ക്കുന്നു. കാപ്രിയൂസ് കാർളോയുടെ ഇടതുവശത്തും ചേർന്നു നില്ക്കുന്നു.)

കൊറു– (കാപ്രിയൂസിനോട്) താങ്കൾ മഹാറാണിയെ അത്ര തൊട്ടുനില്ക്കണ്ടാ. (കാപ്രിയൂസിനെ തള്ളിമാററുന്നു)

കൊറു– മന്ത്രിപുംഗവാ, നമുക്ക് ആസനസ്ഥനാകുവാൻ ഒരു സിംഹാസനം വേണ്ടിയിരിക്കുന്നു.

കാപ്രി– (ആലോചിച്ച ശേഷം കാർളോയോട്) മഹാറാണീ, അന്തഃപുരത്തിൽ വല്ല ഉരലോ, തിരികല്ലോ കിടപ്പുണ്ടോ, തല്ക്കാലത്തേക്ക് തിരുമേനിയെ ആസനസ്ഥനാക്കുവാൻ?

കാർളോ– കണ്ടേക്കും. അതു് എടുത്തുകൊണ്ടു വരുവാനും നമ്മെ ശുശ്രൂഷിക്കുവാനും ഒരു തോഴിയെ ആവശ്യമായിരിക്കുന്നു.

കാപ്രി– അതു് എവിടെയാണു് കിടക്കുന്നതെന്നു പറഞ്ഞാൽ ഞാൻതന്നെ പോയി പൊക്കിയെടുത്തുകൊണ്ടുവരാം. മഹാരാജാവിൻെറ ആവശ്യമല്ലേ?

കൊറു– നമ്മുടെ മന്ത്രിപുംഗവൻെറ സേവനസന്നദ്ധതയെ നാം അഭിനന്ദിക്കുന്നു.

കാർളോ– പക്ഷേ, നമ്മുടെ അന്തഃപുരത്തിൽ മഹാരാജാവിനല്ലാതെ മററു് അലവലാതിപ്പുരുഷന്മാക്കാക്കും പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

കൊറു– നമ്മുടെ മഹാറാണിയുടെ വിശ്വസ്തതയെയും നാം അഭിനന്ദിക്കുന്നു.

കാപ്രി– എന്നാൽ മഹാരാജാവേ, മഹാറാണിക്കു് ഒരു തോഴിയെ നിയമിച്ചുകൊടുത്താലും.

കൊറു– (ചുററും നോക്കിയിട്ടു്) ഇനി നിയമിക്കുന്നതിനു്, നമ്മുടെ രാജ്യത്തിൽ തൊഴിലില്ലാത്തവരായി ആരുംതന്നെയില്ല.

കാപ്രി– എന്നാൽ തല്ക്കാലം നില്ക്കുകയോ നിലത്തിരിക്കുകയോ ചെയ്യുകയേ തരമുള്ളു.

മാർക്ക്വ– (അണിയറയിലേക്കു നോക്കിയിട്ടു്) അതാ തോഴിആയിരിക്കാൻ പററിയ ഒരാളുവരുന്നുണ്ടു്.

(എല്ലാരും അണിയറയിലേക്കു നോക്കുന്നു)

കാപ്രി– തർസീസിയൂസ്! പററിയ ആൾതന്നെ

(തർസീസിയൂസ് ആശങ്കയോടെ പ്രവേശിക്കുന്നു. മാറോട്ടുചേർത്തു് കരങ്ങൾ വച്ചുകൊണ്ടു് അവരെ ശ്രദ്ധിക്കാതെ അകലെക്കൂടി കടന്നുപോകാൻ ഭാവിക്കുന്നു.)

കാപ്രി– തർസീസിയൂസ്, പോകാൻ വരട്ടെ, ഞങ്ങളുടെ കൂടെ കളിയിൽ ചേരണം.

തർസീ– ഇല്ല. എനിക്കിപ്പോൾ സമയമില്ല. ഒരത്യാവശ്യ കാര്യം പ്രമാണിച്ച് എനിക്കൊരിടത്ത് പോകാനുണ്ട്. പോയിട്ടു ഞാൻ വേണമെങ്കിൽ വേഗം മടങ്ങിവരാം.

കാപ്രി– അതുവരെ മഹാരാജാവ് ഇവിടെ നില്ക്കാനോ?

(തർസീസിയൂസ് മുന്നോട്ടു നടക്കുന്നു)

കൊറ– (ഗർജ്ജിക്കുന്നു) നില്ലെടാ അവിടെ.

മാർക്കു– മഹാരാജാവു കല്പിക്കുന്നു.

(തർസീസിയൂസ് ഓടുന്നു)

കൊറ– സേനാധിപൻ, മന്ത്രീ, അവനെ പിടിച്ചുകൊണ്ടു വരൂ.

(ഇരുവരും ഓടിച്ചെന്നു് തർസീസിയൂസിനെ പിടിച്ചു കൊണ്ടു് രംഗമദ്ധ്യത്തിലേക്കു് കൊണ്ടുവരുന്നു)

തർസീ– ദയവുചെയ്ത് നിങ്ങളെന്നെ നിർബന്ധിക്കരുത്. എന്നെ വിടണം.

മാർക്കു—സാധ്യമല്ല, നീ ഞങ്ങളോടുകൂടി കളിയിൽ പങ്കെടുക്കണം.

കൊറ– (അടുത്തുവന്നു്) അവനെ നേരെ നിർത്ത്

(അവർ തർസീസിയൂസിനെ നേരെ നിർത്തുന്നു)

കൊറ– നീ എന്താണ് അത്ര കാര്യമായി മറച്ചുപിടിച്ചിരിക്കുന്നത്?

തർസീ—(ദീനനായി) അതു നിങ്ങളെ കാണിക്കുവാൻ സാധ്യമല്ല.

കൊറു– ശരി; ഒന്നുകിൽ നീ ഞങ്ങളോടുകൂടി കളിക്കണം. അല്ലെങ്കിൽ അതെന്താണെന്നു ഞങ്ങളെ കാണിക്കണം

തർസീ– ക്ഷമിക്കണം; രണ്ടും സാദ്ധ്യമല്ല.

കൊറു– ങ്ഹാ! നീയൊരു ക്രിസ്ത്യാനിയല്ലെങ്കിൽ നിനക്കങ്ങനെയൊരു രഹസ്യമുണ്ടാകാൻ ഇടയില്ല. (ഗൗരവത്തിൽ) എടാ നീയൊരു ക്രിസ്ത്യാനിയാണോ?

തർസീ– (ധൈര്യമായി) ഞാനൊരു ക്രിസ്ത്യാനിതന്നെ.

കൊറു– ങ്ഹാ! (തർസീസിയൂസിനെ ഇടിക്കുന്നു) അതെന്താണെന്നു കാണിക്കെടാ. അല്ലെങ്കിൽ നിന്നെ ഞാൻ കൊല്ലും.

തർസീ– നിങ്ങളെന്നെ കൊല്ലുന്നെങ്കിൽ കൊന്നുകൊൾക. ഞാനിതുകൊണ്ടുചെന്നു കൊടുത്തിട്ട് വേഗം മടങ്ങിവരാം.

കൊറു– ഹ! ഹ! ഹ! (കൂട്ടുകാരും ചിരിക്കുന്നു) കഴുതത്തലയെ ആരാധിക്കുന്നവനേ, നിൻെറ കഴുതബുദ്ധിയല്ല ഞങ്ങൾക്കുള്ളത്. അതെന്താണെന്നു കാണിക്കെടാ. (വീണ്ടും ഇടിക്കുന്നു)

തർസീ– നിങ്ങളെന്നെ കൊന്നാലും ഇതിൽ തൊടുവാൻ ഞാൻ നിങ്ങളെ അനുവദിക്കുന്നതല്ല.

കൊറു– ഹ! ഹ! ഹ! (എല്ലാവരും ചിരിക്കുന്നു) എടാ നിനക്ക് ഞങ്ങൾ നാലുപേരോടു നേടാൻ കരുത്തുണ്ടോ?

തർസീ– എൻെറ ഈശോ എനിക്കു കരുത്തരും.

കാപ്രി– അതൊന്നു കാണുകതന്നെ.

(കാർളോയെ ഒഴിച്ചുള്ള മൂന്നുപേരും തർസീസിയൂസിനെ ഇടിച്ചും കുത്തിയും അവൻെറ കൈകൾ നെഞ്ചിൽനിന്നും മാറുവാൻ പണിപ്പെടുന്നു. കാർളോ മാത്രം അനുകമ്പ തോന്നി അല്പം മാറിനില്ക്കുന്നു.)

കാർളോ– ആ പാവത്തിനെ വിട്ടുകളയുക. കഷ്ടം!

കൊറു– സാധ്യമല്ല. അവൻ നമ്മെ അധിക്ഷേപിക്കുകയല്ലേ ചെയ്തതു്?

കാപ്രി– നമ്മെ അവനങ്ങനെ തോല്പിക്കാൻ അനുവദിക്കാൻപാടില്ല.

തർസീ– എന്റെ ഈശോ, ഞാൻ മരിച്ചുപോയാലും, ഇവരുടെ കൈകളാൽ അങ്ങുന്നു് അവഹേളിതനാകുവാൻ ഇടയാക്കരുതേ.

(തർസീസിയൂസ് കമഴ്ന്നുവീഴുന്നു. അവനെ മറിച്ചിടുന്നതിനും എഴുന്നേല്പിക്കുന്നതിനുമായി അവർ ചവിട്ടുകയും ഇടിക്കുകയും ചെയ്യുന്നു.)

കാർളോ– (അടുത്തുവന്നു് അവരെ മാററുവാൻ ശ്രമിച്ചുകൊണ്ടു്) അയ്യോ എന്തു ക്രൂരമായ പ്രവൃത്തി. ആ പാവത്തെ വിടൂ.

കൊറു– നീ മാറിനില്ലെടാ. (കാർളോയെ തള്ളിമാററുന്നു. കാർളോ ദുഃഖിതനായി മാറിനില്ക്കുന്നു)

കാർളോ– (അണിയറയിലേക്കു നോക്കി) അതാ ഒരു പട്ടാളക്കാരൻ വരുന്നു.

(കപാന്ത്രാത്തുസ് പ്രവേശിക്കുന്നു)

കപാന്ത്രാ– എന്താണു് നിങ്ങളവിടെ ചെയ്യുന്നതു്? മാറിക്കൊട്ടുക്കൂ. (കുന്തം ഓങ്ങുന്നു)

(മൂന്നുപേരും ഓടിപ്പോകുന്നു. കപാന്ത്രാത്തുസ് തർസീസിസിയൂസിന്റെ അടുത്തുചെല്ലുന്നു. തർസീസിയൂസ് നിശ്ചലനായി കിടക്കയാണു്.)

കപാന്ത്രാ– എന്താണിതു്?

കാർളോ– (അടുത്തുവന്നു്) അവർ ആ പാവത്തിനെ ഇടിച്ചും തൊഴിച്ചും കൊന്നു. ഞാൻ അരുതെന്നു പറഞ്ഞിട്ടു കേട്ടില്ല. (കരയുന്നു)

(കാന്ത്രാത്തൂസ് മട്ടകത്തിനിന്നു് തർസീസിയൂസിനെ പൊക്കിയെടുക്കുന്നു.)

കാന്ത്രാ– കുഞ്ഞേ, തർസീ.

തർസീ– (ഞരങ്ങുന്നു) ഉം.

കാന്ത്രാ– നിനക്കെന്തു പററി, നീ എന്താണ് പൊത്തിപ്പിടിച്ചിരിക്കുന്നതു്?

തർസീ– അതിൽ തൊടരുതു്. എന്നെ ലൂസിയാനച്ചന്റെ പക്കലേക്കു കൊണ്ടുപോകൂ.

കാന്ത്രാ– ഞാൻ നിന്നെ കൊണ്ടുപോകാം.

(കാന്ത്രാത്തൂസ് തർസീസിയൂസിനെ എടുത്തുകൊണ്ടുപോകുന്നു. കാർളോ കരഞ്ഞുകൊണ്ടു് അനുഗമിക്കുന്നു)

—കർട്ടൻ—

## ———രംഗം നാലു്———

*(കാരാഗൃഹം. ഒരു ഇരുപ്പിടത്തിൽ ചങ്ങലയിട്ടു് ബന്ധിക്കപ്പെട്ട സ്ഥിതിയിൽ വൃദ്ധനായ ലൂസിയാനച്ചൻ ഇരിക്കുന്നു. താഴെ ലൂസീന എന്ന കൊച്ചുബാലിക (അഞ്ചുവയസ്സു്) ഉൾപ്പെടെ ഏതാനും ക്രിസ്ത്യൻ തടവുകാർ ഇരിക്കുന്നു. അരണ്ട വെളിച്ചം.)*

[ഒരു കാവൽഭടൻ ഇരുമ്പഴികൾക്കു വെളിയിൽ ഒരു വശത്തു് കുന്തവും പിടിച്ചു നില്ക്കുന്നു. മറുവശത്തുനിന്നു് കൊറുവിൻ ഒരു ചാട്ടയുമായി പ്രവേശിക്കുന്നു. ഭടന്റെ അട്ടത്തു വരുന്നു.]

കൊറു– ഹേ! പട്ടാളം, കതകു തുറക്കൂ.

(ഭടൻ കൊറുവിനെ നോക്കിയിട്ടു് നിശ്ചലനായി നില്ക്കുന്നു)

കൊറു– എടോ, തന്റെ ചെവി പൊട്ടാണോ? തന്നോട ല്ലേ കതകു തുറന്നുതരാൻ പറഞ്ഞതു്.

ഭടൻ– താൻ തന്റെ പാട്ടിനു പോയില്ലെങ്കിൽ എന്റെ കുന്തത്തിന്റെ മൂച്ച് താൻ അറിയും.

കൊറു– (ഒരു തുകൽച്ചുരുൾ നിവർത്തിക്കാണിച്ചുകൊണ്ടു്) ഇതാ നോക്കൂ.

ഭടൻ– (തോല്ലിഖിതത്തിൽ കണ്ണോടിച്ചിട്ടു്) മര്യാദയ്ക്കു കാര്യം പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. ഒരു റോമൻ പട്ടാളക്കാരൻ ഒരിയ്ക്കലും ഭീഷണിയ്ക്കു വഴങ്ങുക കയില്ല.

(ഭടൻ വാതിൽ തുറന്നുകൊടുക്കുന്നു. കൊറുവിൻ അകത്തു പ്രവേശിക്കുന്നു.)

കൊറു– (ലൂസിയാനച്ചനോടു്) എന്താ തിരുമേനീ, ഈ സിംഹാസനത്തിലെ ഇരുപ്പ് സുഖമായിരിക്കുന്നുവോ?

അച്ചൻ– മകനേ, ദൈവാനുഗ്രഹത്താൽ എനിക്കിതു സഹിക്കാൻ കഴിയുന്നു.

കൊറു– (ക്രുദ്ധനായി) ഛായ്! (ചാട്ടകൊണ്ടടിക്കുന്നു) എന്തു പറഞ്ഞെടാ മൂത്തുക്കാ, ഞാൻ നിന്റെ മകനോ? ഞാൻ ന്യായാധിപനായ തെർത്തുലസ് പ്രഭുവിന്റെ മകനാണു്.

("അയ്യോ എന്റെ വല്യച്ചനെ തല്ലരുതേ" എന്നു നിലവിളിച്ചുകൊണ്ടു് ബാലിക വന്നു് അച്ചനെ കെട്ടിപ്പിടിക്കുന്നു)

കൊറു– ഛീ! മാറിനില്ക്കെടീ. (ബാലികയെ അടിക്കുന്നു. "അയ്യോ എൻറമ്മോ" എന്നു നിലവിളിച്ചുകൊണ്ടു് ബാലിക ഓടിപ്പോകുന്നു.)

തടവുകാരൻ– പ്രഭോ, നിങ്ങൾ ആ വയോധികനെയും ആ കുഞ്ഞിനെയും തല്ലുന്നതിനു പകരം എന്നെ തല്ലിക്കൊൾക.

കൊറു– എടാ, മിണ്ടിപ്പോകരുതു്. നിന്റെ വീതം നിനക്കു ഞാൻ തരുന്നുണ്ടു്. (അച്ചനോടു്) എടാ കിഴവാ, താൻ ക്രിസ്ത്യാനികളുടെ നേതാവല്ലേ? എന്റെ ജന്മശത്രുവായ പംക്രേഷ്യസിനെ എവിടെച്ചെന്നാൽ കണ്ടുപിടിക്കാൻ കഴിയുമെന്നു പറഞ്ഞുതരിക. എങ്കിൽ ഞാൻ നിങ്ങളുടെ ചങ്ങല അഴിച്ചു മാററിത്തരാം.

അച്ചൻ– എനിക്കു പറഞ്ഞുതരാൻ സാധ്യമല്ല.

കൊറു– എന്തു പറഞ്ഞെടാ (അടിക്കുന്നു) പറഞ്ഞുതരുമോ? (വീണ്ടും അടിക്കുന്നു) അവനെ എന്റെ കൈയിൽ കിട്ടിയെങ്കിൽ മാത്രമേ എന്റെ പ്രതികാരാഗ്നി കത്തി അടങ്ങുകയുള്ളു.

(തടവുകാർ അടുത്തുവരുന്നു)

തടവുകാരൻ I– നിങ്ങൾ ആ വൃദ്ധനെ തല്ലുന്നതിനു പകരം ഞങ്ങളെ തല്ലിക്കൊൾക.

കൊറു– ആരെയാ തല്ലുന്നതെന്നു് ഞാനല്ലെ നിശ്ചയിക്കുന്നതു്? മാറിപ്പോകിനെടാ.

തടവു: II– സാധ്യമല്ല.

(തടവുകാർ അച്ചന്റെ ചുററിലുമായി നില്ക്കുന്നു)

കൊറു– ദൂരെ മാറിനില്ക്കിനെടാ (അവരെ അടിക്കുന്നു)

തടവുകാർ– മാറുകയില്ല ചത്താലും മാറുകയില്ല.

അച്ചൻ– മക്കളേ, നിങ്ങൾ മാറിക്കൊടുക്കു. ഉപയോഗശൂന്യനായ ഈ പടുകിഴവൻ അടികൊണ്ടു മരിച്ചുകൊള്ളട്ടെ. നിങ്ങൾ നിങ്ങളുടെ ആരോഗ്യത്തെ സൂക്ഷിക്കു.

തടവു: I– അച്ചാ, അടികൊള്ളുന്നതിനെക്കാൾ ഞങ്ങൾക്കുസഹിക്കാൻ വിഷമം അങ്ങയെ അടിക്കുന്നതു കാണുന്നതാണു്.

കൊറു– എന്തൊരു മരക്കഴുതകൾ! കിഴവാ, ഞാൻ ഒരു മണിക്കൂറിനകം മടങ്ങിവരും. അപ്പോഴേക്കും നിങ്ങൾ എനിക്കു് അവൻെറ ഒളിസ്ഥലം ഏതാണെന്നു പറഞ്ഞുതരാൻ തയാറായിരിക്കണം. അല്ലെങ്കിൽ നിങ്ങളെ ഞാൻ ഇരുമ്പുകട്ടിലിൽ കിടത്തി വേവിച്ചു പറയിപ്പിക്കും.

(കൊറുവിൻ പോകുന്നു തടവുകാർ ഇരുവശങ്ങളിലേക്കും മാറുന്നു. കരഞ്ഞുകൊണ്ടു മാറിനിന്ന ലൂസീനാ ഓടിവന്നു് അച്ചനെ കെട്ടിപ്പിടിക്കുന്നു.)

ലൂസീ– വല്യച്ചാ, എൻെറ അച്ചനു നൊന്തോ?

അച്ചൻ– അതു സാരമില്ല മോളേ, നീ കരയുന്നതു കാണുന്നതാണു് അച്ചനു കൂടുതൽ നൊമ്പരമുണ്ടാക്കുന്നതു്.

ലൂസീ– എന്നാൽ ഞാൻ കരയില്ല വല്യച്ചാ.

അച്ചൻ– എൻെറ മോൾക്കു് ഈശോ ശക്തിയരുളട്ടെ.

ലൂസീ– (അച്ചൻെറ ദേഹത്തു തടവിക്കൊണ്ടു്) ആ പിശാചു് വല്യച്ചനെ ഇങ്ങനെ തല്ലിയല്ലോ.

അച്ചൻ– മോളങ്ങനെ പറയരുതു്. അവൻെറ ആത്മാവു് പിശാചിൻെറ അടിമത്തത്തിൽനിന്നു് രക്ഷപ്പെടുന്നതിനായി നമുക്കു നമ്മുടെ വേദനകൾ കാഴ്ച വയ്ക്കാം. കുഞ്ഞു് ഞാൻ പഠിപ്പിച്ച ആ പാട്ടൊന്നു പാടു്. കുഞ്ഞിൻെറ പാട്ടു് എല്ലാവരുടെയും മുറിവുകൾക്കു് തൈലം പുരട്ടുന്നതുപോലെയാണു്.

ലൂസീ– ഗാനം

കന്യാതനുജൻെറ പൂമേനിയന്നു്
കൽത്തൂണിൽ കെട്ടിയക്കശ്മലന്മാർ
ചാട്ടവാറാലതിനിർദ്ദയം തല്ലവെ,
ചോരയും മാംസവും ചിതറിയല്ലോ – ആ!...

ദാരുണമെന്തെന്തു ദാരുണമോർത്താൽ
ചോരയിൽ മുങ്ങുന്നു ദൈവപുത്രൻ!

1. തുടരെയായ് ചാട്ടകൾ വീഴവെ,
വിറയാർന്നു പാരിടമാകവെ
മനുഷ്യൻെറ ഹൃദയം മാത്രമോ
മരവിച്ചുപോയി ആ കാഴ്ചയിൽ? (കന്യാ...

2. കരയുവാൻ നാവില്ലാതെന്നപോൽ
നിലകൊണ്ടു ദിവ്യകുഞ്ഞാടതാ!
കവിളത്തൊഴുകിയ കണ്ണുനീർ
കൈകൊണ്ടു മായ്ക്കുവാനാവാതെ. (കന്യാ...

3. തൻമേനിയിൽനിന്നു വാർന്നൊരാ
ചോരയാൽ ക്ഷാളിതനായൊരു
ബലിയാടു നില്ക്കവേ വാനവർ
നയനങ്ങൾപൊത്തിക്കരഞ്ഞുപോയ്. (കന്യാ...

(രണ്ടടി പാടിത്തീരുമ്പോൾ തടവുകാരെല്ലാം ഭക്തിപൂർവ്വം വൈദികൻെറയും ബാലികയുടെയും ഇരുവശങ്ങളിലുമായി മുട്ടുകുത്തി കൈകൂപ്പിനിന്നു് കോറസ് പാടുന്നു പാട്ടു തീരാറാകുമ്പോഴേയ്ക്കും കാവൽഭടനും മുട്ടിന്മേൽ വീഴുന്നു. ബാലിക പാടിത്തീരുമ്പോൾ ഭടൻ വാതിൽ തുറന്നു് അകത്തു കടന്നുചെന്നു് വൈദികൻെറ മുമ്പിൽ മുട്ടുകുത്തിനില്ക്കുന്നു.)

ഭടൻ– ഗുരോ, ഇത്ര വലിയ വേദനയുടെ നടുവിലും ഇത്ര മധുരമായി പാടുവാൻ നിങ്ങൾക്കു ശക്തിതരുന്ന ആ മതവിശ്വാസത്തിൽ എനിക്കും പങ്കുതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

അച്ചൻ– (കുരിശടയാളം വരച്ചു് അവനെ അനുഗ്രഹിച്ചുകൊണ്ടു്) മകനെ, സത്യത്തിൻെറ വെളിച്ചം നിനക്കു തന്ന ദൈവത്തിനു സ്തുതിയായിരിക്കട്ടെ!

ഭടൻ– ഇതാ കാരാഗ്രഹത്തിൻെറ കവാടം തുറന്നുകിടക്കുന്നു. നിങ്ങൾ പൊയ്ക്കൊൾക. നിങ്ങൾക്കുവേണ്ടി

ശിക്ഷ സഹിക്കുവാൻ ഞാൻ തയാറാണ്. നിരപരാധികളും വിശുദ്ധരുമായ നിങ്ങൾക്കുവേണ്ടി മരിക്കുന്നതിനേക്കാൾ മാന്യമായ ഒരു വീരകൃത്യം ഒരു റോമൻ പടയാളിക്കു ചെയ്യുവാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. (എഴുന്നേല്ക്കുന്നു) ഗുരോ, ഞാൻ അങ്ങയുടെ ചങ്ങലകൾ അഴിച്ചുമാററാം.

അച്ചൻ– വേണ്ട മകനേ, നിത്യസ്വാതന്ത്ര്യത്തിലേക്ക് ദൈവം ഞങ്ങളെ ഇന്നുതന്നെ വിളിക്കുകയാണ്. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞങ്ങളെ കൊലക്കളത്തിലേക്ക് – അതെ, നിത്യാനന്ദഭവനത്തിൻെറ കവാടത്തിലേക്ക്, ആനയിക്കുന്നതിനുള്ള ദൂതൻ വന്നുചേരും. മരണത്തെ നേരിടുന്നതിനെപ്പററി ഞങ്ങൾക്ക് ഉൽക്കണ്ഠയില്ല. എന്നാൽ ഞങ്ങൾ പ്രതീക്ഷിച്ചതുപോലെ വി. കുർബാനയുമായി ഞങ്ങളുടെ സഹോദരങ്ങളിലാരും ഇനിയും വന്നുചേർന്നിട്ടില്ലാത്തതിൽ ഖേദമുണ്ട്. ദിവ്യകാരുണ്യം സ്വീകരിച്ചുകഴിഞ്ഞാൽ ഞങ്ങൾ സ്തോത്രഗാനങ്ങൾ ആലപിച്ചുകൊണ്ട് കൊലക്കളത്തിലേക്ക് നിറഞ്ഞ സന്തോഷത്തോടേ പൊയ്ക്കൊള്ളാം.

ഭടൻ– (ദൂരത്തേക്കു നോക്കി) അതാ ശതാധിപൻ വരുന്നു, ആരെയോ കൈകളിൽ വഹിച്ചുകൊണ്ട്.

(ക്വാന്ത്രാത്തൂസ് അഴികളുടെ മുൻപിൽകൂടി തർസീസിയൂസിനെ വഹിച്ചുകൊണ്ടുവരുന്നു)

ക്വാന്ത്രാ– വാതിൽ തുറക്കണം.

ഭടൻ– പ്രഭോ, വാതിൽ തുറന്നിട്ടിരിക്കയാണ്.

(ക്വാന്ത്രാത്തൂസ് തർസീസിയൂസിനെയും വഹിച്ചുകൊണ്ടു് വൈദികൻെറ മുൻപിൽ ചെന്നു മുട്ടുകുത്തുന്നു)

അച്ചൻ– കുഞ്ഞേ, തർസീ.

തർസീ– (ദീനസ്വരത്തിൽ) അച്ഛാ, ഞാൻ നിങ്ങൾക്കായി വി. കർബാന കൊണ്ടുവന്നിരിക്കുന്നു.

അച്ചൻ– എന്റെ കുഞ്ഞിനെന്തുപററി? അവന്റെ നെററിയിൽനിന്നു് രക്തമൊഴുകുന്നല്ലോ.

(ദിവ്യകാരുണ്യപേടകം തർസീസിയൂസിന്റെ കൈയിൽ നിന്നു സ്വീകരിക്കുന്നു.)

തർസീ– അച്ഛാ – എന്റെ കടമ – ഞാൻ നിറവേററി – ഈശോ എന്നെ വിളിക്കുന്നു. ഞാൻ – പോകുന്നു...

അച്ചൻ– ഹാ! എന്റെ വീരമകനേ – ദിവ്യകാരുണ്യത്തിന്റെ കൊച്ചുരക്തസാക്ഷി!

(തർസീസിയൂസിന്റെ മുഖത്തു ചുംബിക്കുന്നു.)

(അണിയറയിൽ 'പതറിടാതെ നമ്മൾ' എന്ന ഗാനത്തിന്റെ ആദ്യത്തെ നാലുവരികൾ പാടിക്കഴിയുമ്പോൾ കർട്ടൻ വീഴുന്നു.)

—ശുഭം—



" ഞാൻ പോകാം, ഞാൻ പോകാം "

'തർസീസിയൂസ്' രംഗം 2 കാണുക.

ഏകാങ്കം 3

# ജലത്തിനു തീപിടിക്കുന്നു

# കഥാപാത്രങ്ങൾ

1. അന്തോനീസ് പാദുവാ–ഒരു യുവസന്യാസവൈദികൻ
2. അസ്സീസിയിലെ വി. ഫ്രാൻസിസ്
3. ബ്രദർ ബർണ്ണാഡ് — തടിച്ച ശരീരവും സന്തോഷപ്രകൃതവുമുള്ള ഒരു ആശ്രമാധിപൻ.

4. കമില്ലോ
5. ഫിലിപ്പോ
6. പൗലോ

} മൂന്നു മത്സ്യംപിടുത്തക്കാർ

# ജലത്തിന്ന തീപിടിക്കുന്നു!

## ———രംഗം ഒന്നു്———

*(അസ്സീസിയിലെ വി. ഫ്രാൻസിസ് ജീവിച്ചിരുന്നകാലത്തുള്ള ഒരു സന്യാസാശ്രമം. ആശ്രമാധിപനായ ബ്രദർ ബെണ്ണാഡ് ഭക്ഷണത്തിനുപയോഗിച്ച പാത്രങ്ങൾ ഒരു തൊട്ടിയിൽ മുക്കി കഴുകിക്കൊണ്ടു നില്ക്കുന്നു. അല്പം കഴിയുമ്പോൾ വാതുക്കൽ ആരോ മുട്ടുന്ന ശബ്ദം.)*

ബെണ്ണാഡ്—കയറിവരാമല്ലോ.

(യുവസന്യാസിയായ അന്തോനീസ് പാദുവാ പ്രവേശിക്കുന്നു)

ബെണ്ണാ—സഹോദരാ, നിങ്ങൾക്കു മിശിഹായുടെ സമാധാനം!

അന്തോ—മിശിഹായുടെ സമാധാനം! ഞാൻ ലംബാർഡിയിൽനിന്നു വരികയാണു്.

ബണ്ണാ—(പാത്രം കഴുകുന്നതിനിടയ്ക്കു് സന്തോഷവദനനായി അന്തോനീസിൻെറ നേരെ നോക്കി) ഓഹോ! ആദ്യമായിട്ടായിരിക്കും ഈ ആശ്രമത്തിൽ വരുന്നതു്. അകത്തേക്കു കയറി ഇരിക്കണം. ഞാൻ ഉടനെ ജോലി തീർത്തിട്ടു വരാം.

അന്തോ—ഇരിക്കാൻ ധൃതിയില്ല. നമ്മുടെ വന്ദ്യപിതാവായ ഫ്റാൻസിസ് ഇന്നു് ഇവിടെ വരുമെന്നു കേട്ടു. പിതാവിനെയൊന്നു കാണുന്നതിനുള്ള ആഗ്രഹം കൊണ്ടാണു് ഞാനിങ്ങോട്ടിപ്പോൾ തിരിച്ചതു്.

ബണ്ണാ—ഓഹോ! പിതാവിനെ ഇതുവരെ കണ്ടിട്ടില്ലായിരിക്കാം. സഹോദരൻെറ പേരെന്താണു്?

അന്തോ—അന്തോനീസ്

ബണ്ണാ—കൊള്ളാം. നല്ലതു്. വന്ദ്യപിതാവു് ഇന്നു റിയററിയിൽനിന്നു മടങ്ങിവരും. അദ്ദേഹം കുറേ ദിവസങ്ങളായി റോമിലായിരുന്നതിനാൽ, സഹോദരന്മാരെല്ലാവരും അദ്ദേഹത്തെ കാണാൻ അക്ഷമരായി കാത്തിരിക്കയാണു്. ഇവിടെയുണ്ടായിരുന്ന സഹോദരന്മാരെല്ലാം പിതാവിനെ സ്വീകരിച്ചുകൊണ്ടുവരുന്നതിനായി റിയററിയിലേക്കു പോയിരിക്കയാണു്.

അന്തോ—ഇവിടത്തെ ആശ്രമാധിപനെങ്കിലും ഇവിടെയില്ലേ?

ബണ്ണാ—(പുഞ്ചിരിച്ചുകൊണ്ടു്) ഉണ്ടല്ലോ.

അന്തോ—എന്നാൽ അദ്ദേഹത്തെ എനിക്കൊന്നു കാണാൻ സൗകര്യപ്പെടുമോ?

ബണ്ണാ—പിന്നെന്താ? അങ്ങേരുതന്നെയാണു് ഇവിടെ മുഴുവനോടേ നില്ക്കുന്ന ഈ ഞാൻ.

അന്തോ—(അത്ഭുതത്തോടേ) എന്തു് അങ്ങുന്നു് ആശ്രമാധിപനോ? എന്നിട്ടു നിന്നു പാത്രം കഴുകുകയോ?

ബണ്ണാ—(ചിരിച്ചുകൊണ്ടു്) സഹോദരൻ എത്രനാളായി സഭയിൽ ചേർന്നിട്ടു്?

അന്തോ—കഷ്ടിച്ചു് ഒരു മാസമായി.

ബണ്ണാ—ഓഹോ! അപ്പോൾ നമ്മുടെ സഭയുടെ ചൈതന്യം മനസ്സിലാക്കിവരുന്നതേയുള്ളൂ. അധികാരി അധീനരെ ശുശ്രൂഷിക്കണമെന്നാണു് സഭയുടെ ആദർശം. മററു സഹോദരന്മാൎക്കു് വത്സല പിതാവിനെ കാണാൻ ധൃതിയാണെന്നു മനസ്സിലായപ്പോൾ അവരെ യാത്രയയച്ചിട്ടു് ഞാനിതു ചെയ്യാമെന്നു വിചാരിച്ചു. ഈ പണി കഴിഞ്ഞിട്ടു് ഭക്ഷണം പാകംചെയ്യണം.

അന്തോ—എങ്കിൽ അച്ചാ, ഞാൻകൂടി സഹായിക്കാം. (ഉടുപ്പിൻെറ കൈ ചുരുട്ടിക്കയററിക്കൊണ്ടു് അടുത്തുചെല്ലുന്നു)

ബണ്ണാ—വേണമെന്നില്ല.

അന്തോ—ഈ ജോലി ഞാൻ ചെയ്തുതീൎക്കാം. അവർ വരുമ്പോഴേയ്ക്കും മററുവല്ല ജോലിയും തീൎക്കാനുണ്ടെങ്കിൽ അതു് അങ്ങേയ്ക്കു ചെയ്യാമല്ലോ.

ബണ്ണാ—എങ്കിൽ ഞാൻ കുശിനിയിലേക്കു ചെല്ലട്ടെ. സഹോദരനും വിശക്കുന്നുണ്ടായിരിക്കുമല്ലോ. ദീർഘയാത്രകഴിച്ചു വന്നതല്ലേ?

(അന്തോനീസ് ചിരിക്കുന്നു. ബണ്ണാഡ് അകത്തേയ്ക്കു പോകുന്നു. അന്തോനീസ് പാത്രങ്ങൾ കഴുകുന്നു. ഇടയ്ക്കു് ഒരു ഗാനം ആലപിക്കുന്നു)

## ഗാനം

വാനിലെ വാരൊളിത്താരകളത്രയും
വാരിവിതറിയ ദൈവപുത്രൻ
മാനുഷനായപ്പോൾ വേലചെയ്യുന്നതു്
മാനക്കേടെന്നു കരുതിയില്ല.

കൊച്ചുളി ചുററിക വരകോലുകൊണ്ടെല്ലാം
കൊച്ചുനാൾതൊട്ടു പണിചെയ്തില്ലേ.

അമ്മയാം മേരിക്കു സമ്മോദമന്നവൻ
വെള്ളവും കോരി കൊടുത്തതില്ലേ?

വിറകുമുറിക്കുവാൻ, പാത്രം കഴുകുവാൻ
വിമലരിൽ വിമലൻ മടിച്ചതില്ല.

വിയപ്പിന്റെ വിലയായൊരപ്പം കഴിക്കുവാൻ
വിശ്വൈകനാഥൻ വെറുത്തതില്ല.

(വാനിലെ വാരൊളി ..

(ആത്മഗതമെന്നോണം) ക്രിസ്തുനാഥാ. ഫ്റാൻസിസിന്റെ ശിഷ്യന്മാർ വിദേശങ്ങളിൽ മിഷൻപ്രവത്തനത്തിനു പോകുന്നതും രക്തസാക്ഷികിരീടം നേടുന്നതും കണ്ടാണു് ഞാൻ അഗസ്റ്റീനിയൻസഭ വിട്ടു് ഫ്രാൻസിസ്കൻ സഭയെ അശ്ലേഷിച്ചതു്. എന്നാൽ സുവിശേഷസന്ദേശം പരത്താൻ വിദേശത്തു പോകുന്നതിനു് ഞാൻ ചെയ്ത പരിശ്രമങ്ങൾ പരാജയമടഞ്ഞിരിക്കുന്നു. നാഥാ, അങ്ങയുടെ തിരുവുള്ളം മറെറാന്നാണെങ്കിൽ അതുതന്നെ നിറവേറട്ടെ. അവിടത്തെ തിരുഹിതം നിറവേറുന്നതിനുവേണ്ടി പ്രസംഗിക്കുന്നതും പാചകംചെയ്യുന്നതും പാത്രം കഴുകുന്നതുമെല്ലാം എനിക്കു് ഒരുപോലെയാണു്.

(ബ്രദർ ബണ്ണാഡിനാൽ അനുഗതനായി വി ഫ്രാൻസിസ് പ്രവേശിക്കുന്നു. അന്തോനീസ് തിട്ടക്കത്തിൽ കരങ്ങൾ തുടയ്ക്കുന്നു.)

ബണ്ണാ—പിതാവേ, ഇതാണ് ഇപ്പോൾ ഇവിടെ വന്നു ചേർന്ന പുതിയ സഹോദരൻ. അന്തോനീസ് എന്നാണ് പേര്.

(അന്തോനീസ് ഫ്രാൻസിസിൻെറ അടുത്തുചെന്നു മുട്ടുകുത്തി അദ്ദേഹത്തിൻെറ കരങ്ങൾ ചുംബിക്കുന്നു. ഫ്രാൻസിസ് വാത്സല്യപൂർവ്വം അന്തോനീസിനെ പിടിച്ചെഴുന്നേല്പിച്ചിട്ട് അദ്ദേഹത്തിൻെറ മുഖത്തേക്ക് ഉററുനോക്കുന്നു.)

ഫ്റാ—അന്തോനീസ്! അങ്ങുന്നൊരു വൈദികനല്ലേ?

അന്തോ—(വിനയപൂർവ്വം) അതെ, പിതാവേ.

ബണ്ണാ—(അത്ഭുതസ്തബ്ധനായി കണ്ണുമിഴിക്കുന്നു) അയ്യോ ഞാനറിഞ്ഞില്ലല്ലോ!

ഫ്റാ—അങ്ങുന്ന് എൻെറ കൈകളല്ല ചുംബിക്കേണ്ടത്. അങ്ങയുടെ അഭിഷിക്തകരങ്ങൾ ഞാനാണ് ചുംബിക്കേണ്ടത്. (മുട്ടുകുത്തി അന്തോനീസിൻെറ കരങ്ങൾ പിടിച്ചു ചുംബിക്കുന്നു) മിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും കൈകാര്യംചെയ്യുന്ന പാവനകരങ്ങൾ! (വീണ്ടും ചുംബിക്കുന്നു. ബണ്ണാഡും തിട്ടക്കത്തിൽ മുട്ടുകുത്തി അന്തോനീസിൻെറ കരം മുത്തുന്നു. ഇരുവരും എഴുന്നേല്ക്കുന്നു.) പാത്രങ്ങൾ കഴുകിയതുകൊണ്ട് ഈ കരങ്ങൾ ഹീനമായിട്ടില്ല. പ്രത്യുത വിനയത്തിൻെറ ശോഭയാൽ അവ പരിവേഷമണിഞ്ഞിരിക്കയാണ്. എങ്കിലും ഇനി അങ്ങുന്ന് ക്രിസ്തുവിനുവേണ്ടി മറെറാരു ജോലി ചെയ്യണമെന്നാണ് എൻെറ അഭിലാഷം.

അന്തോ—പിതാവേ, അങ്ങയുടെ ഒരഭിലാഷമെന്നതിനേക്കാൾ, ഒരാജ്ഞയായി ഒരു ജോലി സ്വീകരിക്കുന്ന

തിൽ ഞാൻ കൂടുതൽ സംതൃപ്തിയടയും. അനുസരണയിൻകീഴിൽ ചെയ്യുന്ന ഏതു ജോലിയും ഫലമണിയുമെന്ന് എനിക്കുറപ്പുണ്ടു്.

ഫ്രാ—അങ്ങനെയാകട്ടെ. റിമിനിയിലെ ഒട്ടവളരെ സഹോദരങ്ങൾ ക്രിസ്തുവിൻെറ പഠനങ്ങൾ ത്യജിച്ച് അപഥസഞ്ചാരം ചെയ്യുന്നു. വിശുദ്ധ കുർബാനയിലുള്ള വിശ്വാസം അവൎക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അങ്ങുന്ന് റിമിനിയിൽ ചെന്നു പ്രസംഗിച്ച് അവരെ സത്യമാൎഗ്ഗത്തിലേക്കു തിരിയെ കൊണ്ടുവരണം.

അന്തോ—പിതാവേ, എന്നെ അനുഗ്രഹിച്ച് അയച്ചാലും. (മുട്ടുകുത്തുന്നു)

ഫ്രാ—(ഇരുകരങ്ങളും അന്തോനീസിൻെറ ശിരസ്സിൽവച്ചു്) വാക്കുകൊണ്ടെന്നതിനേക്കാൾ മാതൃകകൊണ്ടും ദൈവത്തിലുള്ള നിഷ്കളങ്ക വിശ്വാസംകൊണ്ടും ആത്മാക്കളെ നേടുക. (നയനങ്ങൾ സ്വൎഗ്ഗത്തിലേക്കുയൎത്തി) നമ്മുടെ എളിയ സഹോദരന്മാരായ പ്രേഷിതരുടെ ഗണത്തിൽ അങ്ങുന്ന് ഒരു ഉജ്ജ്വലതാരമായി പ്രശോഭിച്ചുയരുന്ന ദിനം ഞാൻ കാണുന്നു. (വലതുകൈ ഉയൎത്തി കുരിശടയാളത്താൽ ആശീൎവ്വദിക്കുന്നു)

—കർട്ടൻ—

## ——രംഗം രണ്ട്——

*(ഒരു കായൽതീരം. കമില്ലോ, ഫിലിപ്പോ, പൗലോ എന്നിവർ മത്സ്യംപിടിക്കുന്നതിനായി ചൂണ്ടയിട്ടുകൊണ്ടുനില്ക്കുന്നു.)*

കമി– എടാ ഫിലിപ്പോ, ഇന്നൊരു പരലുപോലും എൻെറ ചൂണ്ടയുടെ അടുത്തു വരുന്നില്ലല്ലോ.

ഫിലി– മീനെല്ലാം പുതിയ പ്രസംഗക്കാരൻെറ പ്രസംഗം കേൾക്കാൻ പോയെന്നാ തോന്നുന്നത്.

കമി– അതെയതെ. ബുദ്ധിയുള്ള മനുഷ്യരുവല്ലോം അയാളുടെ പ്രസംഗം കേൾക്കാൻ നില്ക്കുമോ? ബുദ്ധിയില്ലാത്ത മൃഗങ്ങളും മത്സ്യങ്ങളുമൊക്കെ ഒരു പക്ഷേ സഹിച്ചുനില്ക്കുമായിരിക്കും.

പൗലോ– അതെയതെ! വന്നുവന്നിപ്പം മനുഷ്യർക്കാണോ ബുദ്ധി മൃഗങ്ങൾക്കാണോ ബുദ്ധി എന്നു സംശയമാ. കേട്ടില്ലേ, ആ കൊച്ചുസന്യാസിയച്ചൻ വിശുദ്ധ കുർബാനയുമായി കടന്നുപോയപ്പോൾ ബത്തലോയുടെ കഴുത തീററിനിറുത്തി മുൻകാലുകൾ മടക്കി വണങ്ങിപോലും. ബത്തലോ വാലിൽ പിടിച്ചു വലിയോടുവലി! അച്ചൻ കടന്നുപോകുന്നതുവരെ കഴുത ആ നിലയിൽനിന്ന് അനങ്ങിയില്ലത്രേ.

കമി– കേട്ടതു മതിയെടാ. വെളുത്ത ളോവയിട്ട അച്ചന്മാരും കറുത്ത ളോവയിട്ട അച്ചന്മാരും നമ്മളോടു പ്രസംഗിച്ചു മടുത്തു. ഇനി തവിട്ടുകുപ്പായക്കാരാണ്

നമ്മെ കൊണ്ടപ്പെട്ടത്താനിറങ്ങിയിരിക്കുന്നത്!
(ഒരു മത്സ്യം ചൂണ്ടയിൽ കുടുങ്ങുന്നു) ഹാ! കിട്ടിപ്പോയി.
(പിടക്കുന്ന ഒരു മത്സ്യത്തെ ചൂണ്ടയിൽ പൊക്കിയെടുക്കുന്നു)

ഫിലി– ഏതായാലും തവിട്ടുകുപ്പായക്കാരൻെറ കാര്യം പറഞ്ഞപ്പോൾ മീൻ കിട്ടിയല്ലോടാ!

പൗലോ– അതിലെന്തോ പൊരുളുണ്ടെടാ കമില്ലോ.

കമി– പൊരുളല്ല. പരലാ.

(അണിയറയിൽ അന്തോനീസിൻെറ സ്വരം)

അന്തോ– സഹോദരങ്ങളേ, നീലവിശാലമായ ഈ ജലാശയംതന്നെയും കരുണാനിധിയായ ദൈവത്തിൻെറ സ്നേഹവായ്പിനെ പ്രകീർത്തിക്കുന്നു.

(മൂന്നുപേരും സ്വരംകേട്ട ഭാഗത്തേക്കു നോക്കുന്നു)

കമി– എടാ, നോക്കെടാ! പ്രസംഗക്കാരൻ പ്രസംഗിച്ചു പ്രസംഗിച്ച് ഇപ്പോൾ പ്രസംഗം പെരുവഴിയിലും കായലരികിലുമൊക്കെയായല്ലോ.

ഫിലി– പിരി ലൂസായെന്നാ തോന്നുന്നത്.

കമി– നമ്മുടെ പള്ളികളിലെങ്ങും അങ്ങേരെ കയററിയില്ല. എന്നാലും അങ്ങേരു വിട്ടുകൊടുക്കുന്ന ലക്ഷണമില്ല.

അന്തോ– (അണിയറയിൽതന്നെ) നീലാകാശം നിർമ്മലമായ ഈ തടാകത്തിൽ പ്രതിബിംബിക്കുന്നതുപോലെ, നമ്മുടെ ഹൃദയവും നിർമ്മലമാണെങ്കിൽ, പരിശുദ്ധനായ ദൈവത്തിൻെറ മുഖം അതിൽ പ്രതിബിംബിക്കും.

അണിയറയിൽ ഒരു സ്വരം: അച്ചാ, ഒച്ചവയ്ക്കാതെ ഇവിടെ നിന്നൊന്നു പോയാൽ വല്ല മീനും ഇങ്ങോട്ട് അടുത്തുവന്നേക്കും.

കമി– (സ്വരംകേട്ട ഭാഗത്തേക്കു നോക്കി) എന്താ ശല്യം ഇനി ഇങ്ങോട്ടാ എഴുന്നള്ളത്ത്.

(അന്തോനീസ് പ്രവേശിക്കുന്നു)

പൗലോ– (എഴുന്നേറ്റു്) അച്ചാ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

(മററു രണ്ടുപേരും വീരസതയോടെ നോക്കിനില്ക്കുന്നു)

അന്തോ– എല്ലായ്പോഴും സ്തുതിയായിരിക്കട്ടെ. എന്താ മീൻ കിട്ടുന്നുണ്ടോ?

പൗലോ– ഒന്നുംരണ്ടുമൊക്കെ കിട്ടുന്നുണ്ട്.

കമി– (ആരോടെന്നില്ലാതെ) എന്താ ഒച്ചയുണ്ടാക്കി മീനെയെയെല്ലാം ഓടിക്കാനായിരിക്കും വന്നിരിക്കുന്നതു്.

അന്തോ– (ചിരിച്ചുകൊണ്ടു്) ഞാൻ മത്സ്യങ്ങളെ പേടിപ്പിക്കുന്ന സ്വരത്തിൽ സംസാരിക്കുന്നില്ലല്ലോ. നിങ്ങൾ നിങ്ങളുടെ ജോലി തുടർന്നുകൊള്ളുക.

(മൂന്നുപേരും ചൂണ്ട വെള്ളത്തിലിട്ടുനില്ക്കുന്നു.)

അന്തോ– സഹോദരന്മാരേ, അപ്പസ്തോലന്മാർവഴി നമുക്കു നല്കപ്പെട്ടിട്ടുള്ള വിശ്വാസത്തിൽനിന്നു് ഈ നാട്ടിലെ ജനങ്ങൾ വ്യതിചലിച്ചിട്ടുള്ളതായി കേൾക്കുന്നതു് ഖേദകരമാണു്. ക്രിസ്തുനാഥൻ തൻെറ അപാരമായ സ്നേഹത്തിൻെറ പ്രത്യക്ഷ്യസാക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള വിശുദ്ധ കുർബാനയിൽ അങ്ങുന്നു് യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്നു എന്നതു് സത്യവിശ്വാസത്തിൻെറ ഒരു പ്രധാന ഘടകമാണെന്നു നിങ്ങൾ മറന്നുപോകരുതു്.

കമി– അച്ചാ, ഞാൻ പിന്നെ ഒള്ളകാര്യം നേരത്തെ പറഞ്ഞേക്കാം. ഈ നാട്ടിലെ ആളുകൾ അച്ചൻെറ

നാട്ടുകാരെപ്പോലെയല്ല. കുറച്ചു 'വിദ്യാഭ്യാസോം പരിഷ്ക്കാരോ'ക്കെ ഒള്ളോരാ.

അന്തോ– ശരിയായിരിക്കാം.

കമി– ഒരു ചെറിയ അപ്പക്കഷണത്തിനുള്ളിൽ ക്രിസ്തു ഇരിക്കുന്നു എന്നു വിശ്വസിക്കത്തക്കവണ്ണം ഞങ്ങൾ അത്ര മോശക്കാരല്ല.

അന്തോ– മനുഷ്യർ എത്രകണ്ടു് വിദ്യ അഭ്യസിച്ചാലും ദൈവപുത്രനായ ക്രിസ്തുവിനെപ്പോലെ വിജ്ഞാനമുള്ളവരായിരിക്കയില്ലല്ലോ. അവിടുന്നു് ദിവ്യകാരുണ്യസ്ഥാപനത്തെക്കുറിച്ച് മുൻകൂട്ടി പറഞ്ഞതു് വിശുദ്ധ യോഹന്നാൻ തൻെറ സുവിശേഷത്തിൽ ആറാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഒടുവിലത്തെ അത്താഴത്തിൽവച്ചു നടന്ന ഈ ദിവ്യകൂദാശയുടെ സ്ഥാപനത്തെപ്പററി മൂന്നു സുവിശേഷകന്മാരും വിശുദ്ധ പൗലോസും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ടു്.

കമി– എടാ ചങ്ങാതിമാരേ, ഇദ്ദേഹം ഒച്ചവയ്ക്കുന്നിടത്തു നിന്നാൽ ഒരു ക്രൂരിയുടെ കുഞ്ഞുപോലും ഇങ്ങോട്ടടുക്കത്തില്ല. വാ, നമുക്കു പോകാം.

(കമില്ലോ പോകുന്നു. ഫിലിപ്പോയും അനുഗമിക്കുന്നു)

അന്തോ– ഞാനിവിടെ നിന്നതുകൊണ്ടോ, സംസാരിച്ചതുകൊണ്ടോ മീൻ ഇങ്ങോട്ടു വരികയില്ലെന്നു നിങ്ങൾ വിചാരിക്കേണ്ട.

(പൗലോ മററുള്ളവരുടെകൂടെ പോകാതെ സംശയിച്ചുനില്ക്കുന്നു)

കമി– എടാ പൗലോ, നീ പോരുന്നില്ലേ? പോരുന്നില്ലെങ്കിൽ പോരണ്ട. മേലിൽ നിനക്കു ഞങ്ങളുമായി പങ്കില്ല. (പോകുന്നു)

അന്തോ– (പൗലോയും അവരെ അനുഗമിക്കുന്നു. എങ്കിലും ഇടയ്ക്കിടയ്ക്കു് തിരിഞ്ഞുനോക്കിയിട്ടാണു് മറയുന്നതു്. മൂവരും മറഞ്ഞു കഴിയുമ്പോൾ അന്തോനീസ് കായലിലേക്കുനോക്കി പ്രസംഗിക്കുന്നു.) ജലത്തിൽ വസിക്കുന്ന എന്റെ പ്രിയപ്പെട്ട മത്സ്യസഹോദരങ്ങളേ, നിങ്ങളെങ്കിലും ക്രിസ്തുവിന്റെ ഈ എളിയ ദാസന്റെ വാക്കുകൾ ശ്രവിക്കുമോ? നന്ദികെട്ട മനുഷ്യർ അതാ രക്ഷയുടെ സന്ദേശം കേൾക്കുവാൻ വിമുഖരായി നാശഗർത്തത്തിലേക്കു പായുകയാണു്. നിങ്ങൾക്കു നിവസിക്കുവാൻ ദൈവം വിശാലമായ ജലാശയങ്ങൾ തന്നിരിക്കുന്നു. നിങ്ങൾ കുടിക്കുന്ന വെള്ളവും ഭക്ഷിക്കുന്ന ആഹാരവും അങ്ങയുടെ ദാനങ്ങളാണെന്നു നന്ദിപൂർവ്വം സ്മരിക്കുക (മത്സ്യങ്ങൾ ഓരോന്നായി ജലപ്പരപ്പിനടുത്തേക്കു് ഉയർന്നുവന്നു്, ചെറിയവ മുൻപന്തിയിൽ, വലിയവ പുറകിൽ എന്ന ക്രമത്തിൽ അണിയായിനിന്നു് പ്രസംഗം ശ്രവിക്കുന്നു)* പ്രളയകാലത്തു് ഇതര ജീവജാലങ്ങളെല്ലാം നശിച്ചു പോയപ്പോൾ, നിങ്ങളെ മാത്രം ഒന്നടങ്കം ദൈവം പ്രത്യേകവിധത്തിൽ സംരക്ഷിച്ചു. സമുദ്രത്തിലേക്കു് എറിയപ്പെട്ട ജോനാസ് ദീർഘദർശിയെ മൂന്നു രാപകൽ ജലത്തിനടിയിൽ സംരക്ഷിച്ചിട്ടു് യാതൊരു ഹാനിയും സംഭവിക്കാതെ കരയ്ക്കു കൊണ്ടുവരുന്നതിനുള്ള കർത്തവ്യം നിങ്ങളിൽ ഒരുവനാണു് നല്കപ്പെട്ടതു്. ദരിദ്രനായ ദൈവപുത്രന് നികുതി കൊടുക്കുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ, അദ്ദേഹത്തിനു് ആവശ്യമുണ്ടായിരുന്ന നാണയം നല്കുന്നതിനുള്ള ഭാഗ്യവും നിങ്ങൾക്കുണ്ടായി. (പൗലോ പ്രവേശിച്ചു് അത്ഭുതത്തോടേ മത്സ്യങ്ങളെ നോക്കുന്നു. അനന്തരം ശബ്ദമുണ്ടാക്കാതെ, കൈകാട്ടി ചങ്ങാതിമാരെ വിളിക്കുന്നു. അവരും വന്നു് അമ്പരന്നു നില്ക്കുന്നു.) പള്ളുകുപോലുള്ള ക

---

* അനുബന്ധം കാണുക.

ണ്ണുകളും മിന്നുന്ന കഞ്ചുകവും ദൈവം നിങ്ങൾക്ക നല്കിയിട്ടുണ്ട്. വെള്ളത്തിനടിയിൽ, എത്ര ആഴത്തിലും അതിവേഗം ഓടുവാൻ ദൈവം നിങ്ങൾക്ക നല്കിയിട്ടുള്ള അവയവങ്ങളെക്കുറിച്ച് ആയിരമാണ്ടുകൾക്ക ശേഷവും വിശേഷബുദ്ധിയുള്ള മനുഷ്യർ അത്ഭുതപ്പെടും. നിങ്ങൾ സമാധാനത്തിൽ പൊയ്ക്കൊൾക – സ്രഷ്ടാവ് നിങ്ങളുടെ പ്രകൃതിയിൽ തന്നെ നിക്ഷേപിച്ചിട്ടുള്ള നിയമങ്ങൾക്കനുസരണമായി അദ്ദേഹത്തെ മഹത്വപ്പെടുത്തിക്കൊണ്ടു ജീവിക്കുക. (കുരിശടയാളത്താൽ മത്സ്യങ്ങളെ അനുഗ്രഹിക്കുന്നു. മത്സ്യങ്ങൾ മറയുന്നു. അന്തോനീസ് കമില്ലോപ്രഭൃതികളുടെ നേരെ തിരിയുന്നു.)

അതാ ദൈവസ്നേഹാഗ്നിയുടെ ജ്വാലകൾ ജലത്തിലെ മത്സ്യങ്ങളിൽതന്നെയും അത്ഭുതകരമായ പ്രതികരണമുളവാക്കുന്നതു നിങ്ങൾ കണ്ടു ബുദ്ധിയും വിദ്യാഭ്യാസവും ഉണ്ടെന്നഭിമാനിക്കുന്ന നിങ്ങൾ ഇനിയും കണ്ണുതുറക്കുന്നില്ലെങ്കിൽ, അവസാന വിധിദിവസം, വിശേഷബുദ്ധിയില്ലാത്ത ഈ ജീവികൾ നിങ്ങൾക്കെതിരായി വിധിപ്രസ്താവിക്കുന്നതായിരിക്കും.

(ഭയഭക്തിയോടേ മൂന്നുപേരും മുട്ടുകുത്തുന്നു )

കമി– അച്ചാ, ഞങ്ങളുടെ അവിവേകത്തേയും അപരാധത്തേയും ക്ഷമിക്കണമെ.

ഫിലി– അങ്ങയുടെ പഠനങ്ങൾതന്നെ ക്രിസ്തുവിന്റെ പഠനം.

പൗലോ– ദൈവത്തിന്റെ സ്തുതിയായിരിക്കട്ടെ.

അന്തോ– ആകാശവും ഭൂമിയും അതിലുള്ള അത്ഭുതകരങ്ങളായ ചരാചരങ്ങളെയും സൃഷ്ടിച്ച പരാശക്തി, തന്റെ അപരിമേയ സ്നേഹത്താൽ വിശുദ്ധ കർ

DHARMARAM LIBRARY BANGALORE 19296

ബാനയിൽ സവിശേഷമായി സന്നിഹിതനായിരിക്കുവാൻ തിരുമനസ്സാകുമ്പോൾ ആ സ്നേഹകൂദാശയുടെ മുമ്പാകെ സാഷ്ടാംഗം വീണു നമസ്കരിക്കാനല്ലാതെ, അതെപ്പററി ചോദ്യംചെയ്യുവാൻ അല്പബുദ്ധികളായ നാം മുതിരുന്നത് അവിവേകമല്ലേ?

(അണിയറയിൽ ബാലികാബാലന്മാരുടെ ഒരു ഗാനം കേൾക്കുന്നു)

അതാ നിഷ്കളങ്കരായ കുട്ടികൾ പാടുന്ന ആ ഗാനത്തോടുകൂടി നമുക്കും ഹൃദയങ്ങളെ നന്ദിപൂർവ്വം ദൈവത്തിൻെറ പക്കലേക്ക് ഉയർത്താം.

(എല്ലാവരും മുട്ടുകുത്തിനിന്ന് അണിയറയിൽനിന്നു പാടുന്നവരോടുചേർന്നു പാടുന്നു.)

### ഗാനം

ആകാശത്തിൽനിന്നിറങ്ങിയ ആപൂപമേ!
ദിവ്യമന്നായേ! ആരാധിച്ചീടുന്നു.
ആഴമാന്ന സ്നേഹത്തി – നാകാരമേ!
ദിവ്യകാരുണ്യമേ! ആരാധിച്ചീടുന്നു

1. ആകാശഭൂമികളിലാവതില്ലൊതുക്കുവാൻ–
ആ ദിവ്യപ്രാഭവത്തെ – ആഹാ! ആഹാ! ആഹാ!
ഒരുകൊച്ചുപേടകത്തിലതിലോലമോസ്തിയിൽ
ഒളിച്ചുവച്ചിടുന്നുവോ? ആഹാ! ആഹാ! ആഹാ!
അത്ഭുത സ്നേഹനിധേ! (ആകാശ...

2. ആത്മാവിൻ ഭോജനമായ്, നിൻ മാംസരക്തങ്ങളെ
അപ്പ്ണം ചെയ്യുകയോ! ആഹാ! ആഹാ! ആഹാ!
ആ ദിവ്യസ്നേഹദീപ്തി കണ്ണാലെ കണ്ടിടുവാൻ
ആനന്ദമാന്നിടുവാൻ – ആഹാ! ആഹാ! ആഹാ!
നീ വരമേകിടണേ! (ആകാശ...

—ശുഭം—

## അനുബന്ധം

### ഈ ഏകാങ്കങ്ങൾ
### അഭിനയിക്കുന്നതിനെപ്പറ്റി

ഇപ്പുസ്തകത്തിലെ ഏകാങ്കങ്ങൾ അഭിനയിക്കുവാൻ ഗ്രന്ഥകർത്താവിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിച്ചിരിക്കണമെന്നില്ല എന്നാൽ വിവരം പ്രസാധകരെ അറിയിക്കണമെന്നും, പ്രതിപാദ്യത്തിനു് അനുയോജ്യമായ രീതിയിൽ അവതരണം നടത്തണമെന്നും താല്പര്യപ്പെടുന്നു. ഏകാങ്കങ്ങളിൽ യഥാവസരം ചേർത്തിരിക്കുന്ന ഗാനങ്ങൾ ശാസ്ത്രീയമായും ഹൃദയാവർജ്ജകമായും ട്യൂൺ ചെയ്തിട്ടുള്ളവയാണു്. നോട്ടുകളോടുകൂടി (സ്വരംചെയ്ത്) അവ പ്രത്യേകം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഒരു ഹർമ്മോണിസ്റ്റിൻെറ സഹായത്തോടുകൂടി അഭിനേതാക്കൾക്കു് അവയുടെ ട്യൂൺ സ്വായത്തമാക്കാൻ കഴിയും. അതുപോലെ ഈ ഏകാങ്കങ്ങൾ തന്മയത്വമായും സുഗമമായും അവതരിപ്പിക്കുന്നതിനു് സഹായകമായ പ്രായോഗിക നിർദ്ദേശങ്ങളും (ഉദാ: മൂന്നാമത്തെ ഏകാങ്കത്തിൽ എങ്ങനെയാണു് മത്സ്യങ്ങളെ കാണിക്കുന്നതു് മുതലായവ) അച്ചടിച്ചിട്ടുണ്ടു്. ഒരു രൂപാ താഴെക്കാണുന്ന വിലാസത്തിൽ മണിയോഡർ ആയി അയയ്ക്കുന്നവർക്കു് നോട്ടുകളോടുകൂടിയ പാട്ടുകളുടേയും പ്രായോഗിക നിർദ്ദേശങ്ങളുടേയും ഈരണ്ടുകോപ്പികൾ ലഭിക്കുന്നതായിരിക്കും. ഒററക്കോപ്പിയായി അയക്കുന്നതല്ല.

ഡയറക്ടർ
**പ്രേഷിത കലാകേന്ദ്രം**
അസ്സീസി നഗർ, കൊല്ലം–1.

കൊല്ലം

## അസ്സീസി ആർട്ട്സ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ

ഈ ഏകാങ്കങ്ങൾ അവതരിപ്പിക്കുന്നവർ

രംഗത്ത്:

റോളണ്ട് ലോപ്പസ്,
എച്ച് ക്രിസ്റ്റി, അലക്സ് സ്റ്റീഫൻ,
ഡെറിക് ജോനാസ്, കുഞ്ഞുമോൻ,
ജോൺ ഫെർണാണ്ടസ്, മണി,
ബോണി, ബേസിൽ.

—പിന്നണിയിൽ—

പി. ജെയിംസ്, എൽക്കിൻ, രാജൻ, രാജു, സിറിൽ.

സംഗീതസംവിധാനം:
**പി. ജെയിംസ്**

രംഗ – വേഷവിധാനം:
**ആൻറപ്പൻ തില്ലേരി**

ഡയറക്ഷൻ

**ഫൗസ്റ്റിൻ കപ്പച്ചിൻ**

# പ്രേഷിതകലാകേന്ദ്രം

നന്മയെയോ തിന്മയെയോ പ്രചരിപ്പിക്കുവാൻ അപാരമായ ശക്തിയുള്ള കലാവേദിയിൽ ആദർശ സമ്പന്നങ്ങളും രസകരങ്ങളുമായ പരിപാടികൾ അവതരിപ്പിച്ച് സാമൂഹ്യസേവനംചെയ്യുവാൻ രൂപമെടുത്തിട്ടുള്ള ഒരു പ്രസ്ഥാനമാണിത്.

## പ്രവർത്തനപരിപാടി

1. ആദർശസുന്ദരങ്ങളോ, ആരോഗ്യകരമായ വിനോദം നല്കുന്നവയോ ആയ നാടകങ്ങളും ഏകാങ്കങ്ങളും പ്രസിദ്ധീകരിക്കുക. ഇതര പ്രസാധകരുടെ താദൃശകൃതികളെ തെരഞ്ഞെടുത്തു പ്രചരിപ്പിക്കുകയും ശുപാർശചെയ്കയും ചെയ്ക.
2. കലാവാസനയുള്ള ബാലികാബാലന്മാരെയും യുവജനങ്ങളെയും പ്രോത്സാഹിപ്പിക്കുക.
3. തിരുനാളുകളോടനുബന്ധിച്ച് ദേവാലയപരിസരങ്ങളുടെ പാവനതയ്ക്കു് ഹാനിവരുത്താത്ത കലാപരിപാടികൾ – നാടകങ്ങൾ, ഏകാങ്കങ്ങൾ (Variety Entertainment), കഥാപ്രസംഗം മുതലായവ – മിതമായ നിരക്കിലും ഉത്തരവാദിത്വത്തോടുകൂടിയും നടത്തിക്കൊടുക്കുക. സാംസ്കാരികസംഘടനകൾക്കു വേണ്ടിയും ഈദൃശമായ സേവനം ചെയ്യുന്നതാണു്.

വിശദവിവരങ്ങൾക്കു് എഴുതുക:

ഡയറക്ടർ
പ്രേഷിതകലാകേന്ദ്രം
അസ്സീസി നഗർ, കൊല്ലം–1.
(Phone: 3442)



പ്രേഷിത കലാകേന്ദ്രത്തിന്റെ
പ്രോത്സാഹനത്തിൽ വിജയ
കരമായി മുന്നേറിക്കൊണ്ടിരി
ക്കുന്ന ഒരു മഹത്തായ
ചരിത്രസംഗീതനൃത്തനാടകം

# രക്തപുഷ്പം

ചിരിപ്പിച്ചു ചിരിപ്പിച്ച്
ഒടുവിൽ കരയിക്കുന്നതും
എന്നാൽ തികച്ചും ആദർശ
ദീപ്തവുമായ ഒരു അത്ഭുത
കലാശില്പം

**അഭിനേതാക്കൾ:**

ജേക്കബ് ബാസ്റ്റ്യൻ, മാമച്ചൻ, വെയ്ത്താൻ ജോസഫ്, കുമാരി ഇന്ദ്രാണി, കുമാരി പൊന്നമ്മ, കുമാരി ബേബി, കുമാരി തങ്കം, തയ്യിൽ ഭാസ്കർ, ദാമു, ജോൺ, രാജേന്ദ്രൻ etc.

—പിന്നണിയിൽ—

സരസൻ – ശിവൻ – യൂസഫ് – ഇന്ദ്രാണി

—കഥയും സംഭാഷണവും—

**ഹൗസ്റ്റിൻ കപ്പൂച്ചിൻ**

ഗാനരചന: വിമലദാസ് | സംഗീതം: സരസൻ

—നൃത്തസംവിധാനം—

**ആര്യകലാനിലയം രാവുണ്ണി**

—ഡയറക്ഷൻ—

**ശ്രീ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ**

—അവതരിപ്പിക്കുന്നത്—

## ഉദയതാരാ തീയേറ്റേഴ്സ്, ആലപ്പുഴ

ബുക്കിംഗിന്:— **പ്രേഷിതകലാകേന്ദ്രം**

അസ്സീസി നഗർ, കൊല്ലം–1. (ഫോൺ: 3442)

പ്രേഷിതകലാകേന്ദ്രത്തിൻെറ
പ്രസിദ്ധീകരണം നമ്പർ 2.

# കലാവേദിയിൽ

പലരുടെ ജീവിതങ്ങൾ ഉയരുന്നതിനും പലരുടെ ജീവിതങ്ങൾ തകരുന്നതിനും നിദാനമായിട്ടുള്ള കലാരംഗത്ത് അരശതാബ്ദത്തോളം പയററി പ്രാവീണ്യം നേടിയ ഒരു കലാചാര്യൻ രസകരങ്ങളായ സ്വാനുഭവങ്ങളെ വിവരിച്ചുകൊണ്ട് കലാകുതുകികൾക്കു നല്കുന്ന മധുരമായ മാർഗ്ഗദർശനം. നിരവധി ഫോട്ടോകളോടുകൂടിയ മനോഹരമായ ഒരു ഗ്രന്ഥം.



ഗ്രന്ഥകർത്താ:

## സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ

**1965 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്നു.**

ഉദയതാരായുടെ

# രക്തപുഷ്പം



വിപുലമായ സജ്ജീകരണങ്ങളോടുകൂടി അവതരിപ്പിക്കപ്പെട്ടന്ന വികാരോജ്ജ്വലമായ ഒരു ചരിത്രസംഗീതനൃത്തനാടകം.

പേജ് 67 കാണുക.

DC Library
* 0 0 0 1 9 7 9 6 *
T62 F28

T62
F28

# ജലത്തിനു തീപിടിക്കുന്നു



T62
F28

ഫൗസ്റ്റിൻ കാസ്സൂചിൽ